# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA KLM P1/395 /22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 30/06/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P1/395 /22 തീയ്യതി: 30/06/2022

## കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-11-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 07-02-2022 | 19-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|
| 07-02-2022 | 19-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രദീപ് കുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.ശശിജോഷ് എ, ഓഡിറ്റ് ഓഫീസർ
ശ്രീ.അനന്തനാരായണൻ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.അനീഷ് വി.എസ്, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ.സുനിൽകുമാർ യു.എസ്, ഓഡിറ്റർ
ശ്രീമതി.റജിന എ.എസ്, ഓഡിറ്റർ (18.02.2022 മുതൽ 19.02.20211 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ലൈലാ ബീവി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ഗോപാലകൃഷ്ണൻ ആർ | സെക്രട്ടറി | 01-04-2019 | 17-04-2019 |
| ശ്രീ ഹാഷിം എ. | സെക്രട്ടറി | 18-04-2019 | 30-04-2019 |
| ശ്രീ ഗോപാലകൃഷ്ണൻ ആർ | സെക്രട്ടറി | 01-05-2019 | 24-07-2019 |
| ശ്രീ അനിലാൽ വി.ആർ | സെക്രട്ടറി | 25-07-2019 | 31-07-2019 |
| ശ്രീ രമേഷ് കെ.എസ് | സെക്രട്ടറി | 01-08-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഗോപാലകൃഷ്ണൻ ആർ | അസി.സെക്രട്ടറി | 01-04-2019 | 24-07-2019 |
| ശ്രീ അനിലാൽ വി.ആർ | അസി.സെക്രട്ടറി | 25-07-2019 | 31-03-2020 |
| ശ്രീ കെ.പി.അനിൽകുമാർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ സാബു സേവ്യർ | വെറ്റിനറി സർജൻ | 01-04-2019 | 26-08-2019 |
| ഡോ സിബി കെ ചാക്കോ | വെറ്റിനറി സർജൻ | 27-08-2019 | 06-01-2020 |
| ഡോ ജോയി ഫ്രാൻസിസ് | വെറ്റിനറി സർജൻ | 07-01-2020 | 05-02-2020 |
| ഡോ മനോജ് ജോൺസൺ | വെറ്റിനറി സർജൻ | 06-02-2020 | 31-03-2020 |
| ഡോ പ്രകാശ് പി | മെഡിക്കൽഓഫീസർ(അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ തോമസ്സ് കോശി | ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ശ്രീ.വൈശാഖൻ ആർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 22-07-2019 |
| ശ്രീ.ഗോകുൽകൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 22-07-2019 | 14-11-2019 |
| ശ്രീമതി രമ്യാ സത്യൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 14-11-2019 | 31-03-2020 |
| ശ്രീ അജീഷ്കുമാർ ബി.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി അശ്വതി പി.എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ ബി രാജു | ഹെഡ്മാസ്റ്റർ | 01-04-2019 | 14-01-2020 |
| ശ്രീമതി നമിതാ ജസ്റ്റിൻ | ഹെഡ്മിസ്ട്രസ്സ് | 14-01-2020 | 31-03-2020 |
| ശ്രീ ശ്രീനാഥ് ബി.എസ് | വി.ഇ.ഒ. | 01-04-2019 | 31-03-2020 |
| ശ്രീ സന്തോഷ് എം.എസ് | വി.ഇ.ഒ. | 01-04-2019 | 31-03-2020 |
| ശ്രീമതി. സിന്ധു.എസ് | അസി.എഞ്ചിനിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് | 01-04-2019 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Aneesh V.S (Senior Grade Auditor, On 04-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 08-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Aneesh V.S (Senior Grade Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 08-06-2022) | 1-2 |
| 3 | 2019-20 വർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: Aneesh V.S (Senior Grade Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 28-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Aneesh V.S (Senior Grade Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 28-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Aneesh V.S (Senior Grade Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 28-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Anandanarayanan M (Asst. Audit Officer, On 06-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 08-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: A.Sasijosh (Audit Officer, On 06-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 28-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Aneesh V.S (Senior Grade Auditor, On 05-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 28-06-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Sunilkumar.U.S (Auditor, On 06-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 08-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Pradeep Kumar P (Audit Officer (HG), On 27-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 28-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Pradeep Kumar P (Audit Officer (HG), On 06-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 08-06-2022) | 1-10 |
| 12 | തൊഴിൽനികുതി, സ്ഥാപന നികുതി ഈടാക്കിയില്ല<br>Written By: Sunilkumar.U.S (Auditor, On 22-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 08-06-2022) | 1-11 |
| 13 | ഡി.എ. കുടിശ്ശിക വിതരണം - എൻ. പി. എസ്. പെൻഷൻ വിഹിതം കുറവു ചെയ്തിട്ടില്ല<br>Written By: Rajina A.S (Auditor, On 25-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 08-06-2022) | 1-12 |
| 14 | പാലിയേറ്റീവ് പരിചരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Sunilkumar.U.S (Auditor, On 22-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 28-06-2022) | 1-13 |
| 15 | വിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല<br>Written By: Anandanarayanan M (Asst. Audit Officer, On 27-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 28-06-2022) | 1-14 |
| 16 | വൗച്ചറിലെ ചെലവുകളെ സാധൂകരിക്കുന്ന ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല | 1-15 |

| | | |
|---|---|---|
| | Written By: Rajina A.S (Auditor, On 25-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 08-06-2022) | |
| 17 | പാലിന് സബ്സിഡി - തദ്ദേശസ്വയംഭരണ സ്ഥാപനവിഹിതം അനുവദനീയമായതിലും അധിക നിരക്കിൽ നല്കിയത് ക്രമീകരിക്കണം.<br>Written By: Pradeep Kumar P (Audit Officer (HG), On 25-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 28-06-2022) | 1-16 |
| 18 | സ്കൂളുകളിൽ വായനക്കൂട്ടം : പദ്ധതി പണത്തിന്റെ പാഴ് ചെലവ്<br>Written By: Pradeep Kumar P (Audit Officer (HG), On 26-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 28-06-2022) | 1-17 |
| 19 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് എ.എം.സി - അധികം നൽകിയ തുക തിരികെ ഈടാക്കിയില്ല.<br>Written By: Anandanarayanan M (Asst. Audit Officer, On 27-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 28-06-2022) | 1-18 |
| 20 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഉൾപ്പെടുത്തേണ്ടാത്ത ഇനങ്ങൾ കൂടിചേർത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം അധികച്ചെലവ്.<br>Written By: A.Sasijosh (Audit Officer, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 28-06-2022) | 1-19 |
| 21 | റോസുമല അങ്കണവാടി അറ്റകുറ്റപ്പണി - ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയുടെ വിവരങ്ങൾ ഇല്ല.<br>Written By: A.Sasijosh (Audit Officer, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 28-06-2022) | 1-20 |
| 22 | കരാറുകാരന്റെ മണ്ണ് ഉപയോഗിച്ച് നികത്തൽ എന്ന പ്രവൃത്തിയിൽ നിന്നും കുഴിച്ചെടുത്ത മണ്ണിന്റെ അളവ് കുറവ് ചെയ്തിട്ടില്ല.<br>Written By: A.Sasijosh (Audit Officer, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 28-06-2022) | 1-21 |
| 23 | പ്രവൃത്തി കരാർ കാലാവധിയ്ക്ക് ശേഷം പൂർത്തീകരിച്ചു - അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയില്ല<br>Written By: A.Sasijosh (Audit Officer, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 28-06-2022) | 1-22 |
| 24 | മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കാതെ റോഡ് സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ച പ്രവൃത്തിയിൽ അളവുകൾ അധികമായി രേഖപ്പെടുത്തി മൂല്യം നിർണ്ണയിച്ചു.<br>Written By: A.Sasijosh (Audit Officer, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 10-06-2022) | 1-23 |
| 25 | ഒഴിവാക്കിയ ഫോംവർക്കിന്റെ മൂല്യം കുറവ് ചെയ്യൽ - അടിസ്ഥാന നിരക്ക് മാത്രം പരിഗണിച്ചു.<br>Written By: A.Sasijosh (Audit Officer, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 28-06-2022) | 1-24 |
| 26 | കുഴിച്ചെടുത്ത മണ്ണ് ഉപയോഗപ്പെടുത്തിയില്ല - ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് തുക ഒടുക്കി.<br>Written By: A.Sasijosh (Audit Officer, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 09-06-2022) | 1-25 |
| 27 | യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല, 8,417/-രൂപയുടെ നഷ്ടം<br>Written By: A.Sasijosh (Audit Officer, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 28-06-2022) | 1-26 |
| 28 | കാലിബ്രറൽ വില ഈടാക്കിയിട്ടില്ല.<br>Written By: A.Sasijosh (Audit Officer, On 01-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 09-06-2022) | 1-27 |
| 29 | ഭവന നിർമ്മാണം പൂർത്തിയാകാത്തവരിൽ നിന്ന് തുക തിരികെ | 1-28 |

| | | |
|---|---|---|
| | ഈടാക്കണം<br>Written By: Aneesh V.S (Senior Grade Auditor, On 06-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 10-06-2022) | |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| 1 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഉൾപ്പെടുത്തേണ്ടാത്ത ഇനങ്ങൾ കൂടിചേർത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം അധികച്ചെലവ്.<br>Written By: A.Sasijosh (Audit Officer, On 07-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 10-06-2022) | 3-1 |
| 2 | കരാറുകാരന്റെ മണ്ണ് ഉപയോഗിച്ച് നികത്തൽ എന്ന പ്രവൃത്തിയിൽ നിന്നും കുഴിച്ചെടുത്ത മണ്ണിന്റെ അളവ് കുറവ് ചെയ്തിട്ടില്ല.<br>Written By: A.Sasijosh (Audit Officer, On 07-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 28-06-2022) | 3-2 |
| 3 | മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കാതെ റോഡ് സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ച പ്രവൃത്തിയിൽ അളവുകൾ അധികമായി രേഖപ്പെടുത്തി മൂല്യം നിർണയിച്ചു.<br>Written By: A.Sasijosh (Audit Officer, On 07-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 10-06-2022) | 3-3 |
| 4 | കാലിബാരൽ വില ഈടാക്കിയിട്ടില്ല.<br>Written By: A.Sasijosh (Audit Officer, On 07-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 10-06-2022) | 3-4 |
| ഭാഗം 4 | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Aneesh V.S (Senior Grade Auditor, On 06-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 28-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Aneesh V.S (Senior Grade Auditor, On 04-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 09-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Aneesh V.S (Senior Grade Auditor, On 04-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 09-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Aneesh V.S (Senior Grade Auditor, On 06-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 09-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Aneesh V.S (Senior Grade Auditor, On 06-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 09-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Aneesh V.S (Senior Grade Auditor, On 06-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 28-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Aneesh V.S (Senior Grade Auditor, On 06-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 09-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Aneesh V.S (Senior Grade Auditor, On 06-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 09-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Aneesh V.S (Senior Grade Auditor, On 06-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 09-06-2022) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Aneesh V.S (Senior Grade Auditor, On 06-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 28-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Aneesh V.S (Senior Grade Auditor, On 06-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 10-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം-3 | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

21.02.2019 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 02.07.2020 | - | - |

### 1-2-1 2019-20 വർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

I) Life State Share

സുലേഖ സ്റ്റേറ്റ്മെന്റ് / വൌച്ചർ എന്നിവ പ്രകാരം തൻവർഷം ആകെ ചെലവ് 1,31,10,000/-രൂപയാണ്. എന്നാൽ വാർഷികധനകാര്യപത്രിക 320800199 ശീർഷകത്തിൽ ഉൾക്കൊള്ളിച്ച ചെലവ് 1,32,00,000/-രൂപയാണ്. ആയതിനാൽ 90,000/- രൂപയുടെ വ്യത്യാസം നീക്കി ബാക്കിയിൽ വന്നിട്ടുണ്ട്.

II ) Life- Loan - 19,40,000/-രൂപ ലോൺ ബാദ്ധ്യത വ്യത്യാസമുണ്ട്

ലോൺ തിരിച്ചടയ്ക്കാൻ ബാക്കി തുക വാർഷികകണക്കിൽ 19,40,000/-രൂപ വ്യത്യാസമുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

2018-19 ലെ ലോൺ ബാദ്ധ്യത = 2,33,60,000/-

തൻവർഷം എടുത്ത വായ്പ = 76,10,000/-

3,09,70,000/-

വികസന ഫണ്ടിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത വായ്പ തിരിച്ചടവ് തുക = 26,17,647/-

2019-20 ലോൺ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക = 2,83,52,353/-

എന്നാൽ B(5) ഷെഡ്യൂൾ പ്രകാരമുള്ള ബാദ്ധ്യത തുക = 2,64,12,353/-

--------------------

വ്യത്യാസം= 19,40,000/-രൂപ

സ്ഥാപനത്തിൽ ലോൺ രജിസ്റ്റർ പരിപാലിച്ചിട്ടില്ല .

III) വിവിധ ബാദ്ധ്യത ശീർഷകങ്ങളുടെ അക്കൌണ്ടിംഗിലെ അപാകത

എ) ശീർഷകം = 320300199 (Corp. Fund For SC/ST)

AFS പ്രകാരമുള്ള ചെലവ് = 5,00,600/- (Trial Balance പ്രകാരം)

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് ചുവടെ ചേർക്കുന്നു.

(1) പ്രോജക്ട് നം. 213

ചെക്ക് നം. 2056392, തീ. 15/04/2020 = 2,69,520/-

**പ്രസ്തുത ചെക്ക് 4/2020-ലേതാണെങ്കിലും Web Sankhya യിൽ 3/20 റിക്വിസിഷൻ നൽകുകയും 3/20 ൽ ചെലവ് ബുക്ക് ചെയ്തിട്ടുണ്ട്.

(2) പ്രോജക്ട് നം. 242

ചെക്ക് നം. 57630, തീ. 21/01/2020 = 2,58,811/-

ആകെ = 5,28,331/-

വ്യത്യാസം = 27,731/-

ബി) ശീർഷകം = 320200322 (Grant From Suchithva Mission)

AFS പ്രകാരമുള്ള ചെലവ് = 6,00,000/- ( Ledger പ്രകാരം)

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് ചുവടെ ചേർക്കുന്നു.

(1) പ്രോജക്ട് നം. 289 = 3,00,000/-

വ്യത്യാസം = 3,00,000/-

വൌച്ചർ നം. 41900280, തീ. 31/03/2020 പ്രകാരം 3,00,000/-രൂപ അധികമായി ഡെബിറ്റ് ചെയ്തിരിക്കുന്നു.

IV) Advance To Implementing Agencies

എ) 2019-20 വാർഷിക കണക്കിൽ RP- 47 ൽ 460500201 ൽ KWA യ്ക്ക് തൻവർഷം ഡെപ്പോസിറ്റ് ചെയ്ത തുക 30,00,000/-രൂപയാണ്. എന്നാൽ പ്രോജ.നം. 12/20 പ്രകാരം 30,00,000/-രൂപയും പ്രോജ.നം. 153 പ്രകാരം 4,88,000/-രൂപയും, പ്രോജ.നം. 322 പ്രകാരം 16,528/-രൂപയും ഉൾപ്പെടെ 35,04,528/-രൂപ തൻവർഷം KWA യ്ക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

V) Capital Work In Progress

എ) 2019-20 ൽ RP-40 പ്രകാരം 36,82,632/-രൂപയ്ക്ക് പാർട്ട് ബിൽ നൽകിയിട്ടുണ്ട്. എന്നാൽ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നൽകിയ റിപ്പോർട്ട് പ്രകാരം 17,44,693/-രൂപ മാത്രമാണ് പാർട്ട് ബിൽ നൽകിയത്.

VI) MNREGS

1-6 ഷെഡ്യൂൾ പ്രകാരം 838026/- രൂപയും, I- 14 A ഷെഡ്യൂൾ പ്രകാരം 50399026/-രൂപയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ആസ്തി രൂപീകരിക്കുന്നതിന് ചെലവഴിച്ച 26,95,000/-രൂപ കിഴിച്ചുള്ള EFMS വരവ് 4,95,61,000/- രൂപ I-6 ൽ ഉൾപ്പെട്ടിട്ടില്ല.

EFMS വരവ് വിവരം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയില്ല.

MGNREGS FTO പ്രകാരം വരവ് = 23,08,870/-

AFS പ്രകാരമുള്ള വരവ്= 18,44,618/-

വ്യത്യാസം = 4,64,252/-

VII) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാലപെൻഷൻ തുക $I_6$ ഷെഡ്യൂൾ പ്രകാരം 70357700/-രൂപയും $I_{14}$ (D) ഷെഡ്യൂൾ പ്രകാരം 18101700/- രൂപയുമാണ്. വ്യത്യാസം 52256000/-

VIII) Bank Reconciliation – അപാകത

2019-20 സാമ്പത്തിക വർഷം 03/2021 ലെ റീക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) KGB (Own Fund ) A/C - 40598101006083

3/2020 ലെ റീക്കൺസിലിയേഷൻ പത്രികയിൽ തെറ്റായ രീതിയിൽ Uncashed Cheque-ൽ

ഉൾപ്പെട്ട ചെക്കുകൾ

| ചെക്ക് നമ്പർ | തീയതി | തുക(രൂപ) | റീക്കൺസിലിയേഷനിൽ നിന്നും ഒഴിവാക്കിയ മാസം | റിമാർക്ക്സ് |
|---|---|---|---|---|
| 9351 | 22/01/20 | 524/- | 4/2020 | ടി തുക 14.02.2020 ൽ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുള്ളതാണ് |
| 9352 | 22/01/20 | 745/- | 4/2020 | ടി തുക 4.02.2020 ൽ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുള്ളതാണ് |
| 9663 | 12/02/20 | 40,206/- | 6/2020 | ടി തുക 13.02.2020 ൽ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുള്ളതാണ് |
| 9715 | 26/02/20 | 20,000/- | 6/2020 | ടി തുക 13.03.2020 ൽ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുള്ളതാണ് |

ബി) STSB A/C No. (5) /450250110

3/2020, 4/2020 ട്രഷറി സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.

സി) Central Bank Of India ( 1959479392)

3/21, 4/21 Bank Statement ഹാജരാക്കിയില്ല.

ഡി) KDCB A/C No. 3188

3/21 Bank Statement ഹാജരാക്കിയില്ല.

ഇ) Total Sanitation - Central Bank Of India (A/C No. 1959449120)

ബാങ്ക് പാസ്സ്ബുക്ക് പ്രകാരം നീക്കിയിരുപ്പ് = 1,41,594/-

ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരുപ്പ് = 1,39,155/-

വ്യത്യാസം= 2439/-

2439/- വ്യത്യാസം റീക്കൺസിലിയേഷനിൽ ഉൾപ്പെടുത്തിയിട്ടില്ല.

എഫ്) ജലനിധി - CBI A/C No. 1959479405

ബാങ്ക് പാസ്സ്ബുക്ക് പ്രകാരം നീക്കിയിരുപ്പ് = 9,28,584/-

ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരുപ്പ് = 9,12,588/-

വ്യത്യാസം= 15,996/- (റീക്കൺസിലിയേഷനിൽ ഉൾപ്പെടുത്തിയിട്ടില്ല.)

ജി) Total Housing Kulathupuzha SCB A/C No.9862

ബാങ്ക് പാസ്സ്ബുക്ക് പ്രകാരം നീക്കിയിരുപ്പ് = 1,60,615/-

ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരുപ്പ് = 1,56,953/-

വ്യത്യാസം= 3662/- (റീക്കൺസിലിയേഷനിൽ ഉൾപ്പെടുത്തിയിട്ടില്ല.)

എച്ച്) ഹെൽത്ത് റിലീജിയൻ ഫണ്ട് CBC A/C No. 0101010792

ബാങ്ക് പാസ്സ്ബുക്ക് പ്രകാരം നീക്കിയിരുപ്പ് = 14,868/-

ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരുപ്പ് = 14,529/-

വ്യത്യാസം= 339/- (റീക്കൺസിലിയേഷനിൽ ഉൾപ്പെടുത്തിയിട്ടില്ല.)

IX) G(O)P No.07/2019 ധനം. തീയതി. 23/1/17 ലെ ഉത്തരവ് ഖ.2(ii) പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക, സംയുക്തപ്രോജക്ടുകൾക്ക് മാത്രമായി രൂപീകരിച്ച T.S.B അക്കൌണ്ടിൽ നിക്ഷേപിക്കേണ്ടതും മറ്റ് തുകകളൊന്നും തന്നെ പ്രസ്തുത അക്കൌണ്ടിൽ നിക്ഷേപിക്കാൻ പാടില്ലാത്തതുമാണ്.

2019-20 സാമ്പത്തിക വർഷം ബ്ലോക്ക് ഷെയർ ഇനത്തിൽ ലഭിച്ച 42,95,295/-രൂപ Joint Venture A/C ൽ നിക്ഷേപിച്ചിട്ടില്ല.

X) വിവിധ D.C.B രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1) Profession Tax Traders അബ്സ്ട്രാക്ട് തയ്യാറാക്കിയിട്ടില്ല.

2) F T E O S രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) Profession Tax Employees രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) ലേല രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5) ഡെപ്പോസിറ്റ് രജിസ്റ്ററിൽ 5/9/2019 വരെയുള്ള രേഖപ്പെടുത്തൽ മാത്രമാണ് നടത്തിയിരിക്കുന്നത്. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിരിക്കുന്ന തുകകളുടെ ആധികാരികത ഉറപ്പാക്കാൻ കഴിയുന്നില്ല.

6) മുൻകൂർ രജിസ്റ്ററിൽ വിവിധ ഏജൻസികൾക്ക് നൽകിയ തുകകളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

എ) KWA = 30,00,000/-

ബി) KSEB = 20,91,754/-

രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്താത്തതിനാൽ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

ഓഡിറ്റ് എൻക്വയറി - 18/19-02-22

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 5,82,03,563/- |
| വരവ് | 13,94,57,977/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 19,76,61,540/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 14,11,28,787/- |
| നീക്കിയിരിപ്പ് | 5,65,32,753/- |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,52,719/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 60,48,637/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 44479000/- | 44479000/- | 37258346/- | 7220654/- |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 18339000/- | 18339000/- | 9260111/- | 9078889/- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | 4942000/- | 4942000/- | 4464776/- | 477224/- |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 14629000/- | 14629000/- | 5642296/- | 8986704/- |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 7307000/- | 7307000/- | 3077240/- | 4229760/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 32346974/- | 32346974/- | 11393665/- | 20953309/- |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 883/- | 1844618/- | 1845501/- | 838026/- | 1007475/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| SGSY | | 4200/- | 74/- | 4274/- | 0 | 4274/- |
| TSC | | 23310/- | 2423/- | 25733/- | 0 | 25733/- |
| ശുചിത്വ മിഷൻ | | 5975465/- | 0 | 5975465/- | 600000/- | 5375465/- |
| ഐ.സി.ഡി.എസ് | | 1288101/- | 1563438/- | 2851539/- | 954889/- | 1896650/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| കേരളോത്സവം | | 0 | 40000/- | 40000/- | 40000/- | 0 |
| ജലനിധി | | 896697/- | 15891/- | 912588/- | - | 912588/- |
| ബഡ്സ് സ്കൂൾ | | 1270000/- | 0 | 1270000/- | 20000/- | 1250000/- |
| കോർപ്പസ് ഫണ്ട് എസ് സി, എസ് റ്റി | | 3325525/- | 924223/- | 4249748/- | 500600/- | 3749148/- |
| ലൈഫ് സ്റ്റേറ്റ് വിഹിതം | | 0 | 14300000/- | 14300000/- | 13200000/- | 1100000/- |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | 1650887/- | 4295925/- | 5946812/- | 1638083/- | 4308729/- |
| | | 0 | 1000000/- | 1000000/- | 1000000/- | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | | 2063081/- | 0 | 2063081/- | 1871963/- | 191118/- |
| | | 0 | 8546224/- | 8546224/- | 8546224/- | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 277 | 369194643/- | 152 | 122085463/- | | 125 | 54% |

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ**

ഇല്ല

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 883/- | 18,44,618/- | 18,45,501/- | 8,38,026/- | 10,07,475/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5,22,56,000/- | 5,22,56,000/- | 5,22,56,000/- | 0 |

### 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) |
|---|---|
| തൊഴിൽരഹിത വേതനം | 70,560/- |
| കർഷകതൊഴിലാളി പെൻഷൻ | 23,99,400/- |
| വിധവാപെൻഷൻ | 1,05,55,800/- |
| വാർദ്ധക്യകാലപെൻഷൻ | 1,81,01,700/- |
| വികലാംഗപെൻഷൻ | 27,68,000/- |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 1,95,600/- |
| മിശ്രവിവാഹത്തിനുള്ള ധനസഹായം | 50,000/- |

### 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.02.2022 12.05 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 89754/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുവെന്നതിന് രേഖയില്ല.
പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്ന രീതി അനുവർത്തിച്ചിട്ടില്ല. ഈ ഇനത്തിലുള്ള വരുമാനസാദ്ധ്യതകൾകൂടി പരിശോധിക്കേണ്ടതാണ്.
ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്റർ കൂടുതൽ കൃത്യതയുള്ളതാക്കേണ്ടതാണ്.
റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല എന്ന അപര്യാപ്തതയും നിലനിൽക്കുന്നു.

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ടവർ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. അപ്രതീക്ഷിത സാഹചര്യങ്ങളുണ്ടാകുമ്പോഴല്ലാതെ, പദ്ധതി നിർവ്വഹണഘട്ടത്തിൽ എസ്റ്റിമേറ്റുകൾ പുതുക്കേണ്ടുന്ന സാഹചര്യമുണ്ടാകുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല. മിക്ക മരാമത്ത് പ്രവൃത്തികളുടേയും എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്തു കാണുന്നു. പല മരാമത്ത് പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലും വീഴ്ചകാണുന്നു.

പൂർത്തീകരണം വൈകിയതിന്റെ കാരണങ്ങൾ ഫയലിൽനിന്നും വ്യക്തമല്ല. പൂർത്തീകരണം വൈകിയ മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ചട്ടപ്രകാരമുള്ള ഫൈൻ ഈടാക്കാതെതന്നെ അവസാന ബിൽതുക നൽകിയിരിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ ടെന്റർനടപടികളിൽ വേണ്ടത്ര മത്സരസ്വഭാവം ഉണ്ടായിട്ടില്ല. 50000/-രൂപ മുതൽ അടങ്കൽ തുകയുള്ള പദ്ധതികൾക്ക് ഇ-ടെന്ററിലൂടെ കരാറുകാരെ കണ്ടെത്താൻ ശ്രമിക്കുന്നതിലൂടെ ടെന്റർ നടപടികളിൽ കൂടുതൽ മത്സരസ്വഭാവം കൈവരിക്കാൻ സാധിക്കും എന്നതിനാൽ അത്തരം നടപടിക്ക് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

എം എൻ ആർ ഇ ജി എസ് പദ്ധതികൾക്കായി അക്രഡിറ്റഡ് എഞ്ചിനീയർ ജനറേറ്റുചെയ്യുന്ന എസ്റ്റിമേറ്റുകൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർതന്നെ സാങ്കേതികാനുമതിയും നൽകുന്നതായി കാണുന്നു. ഇതുമൂലം എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോഴുണ്ടാകുന്ന പിഴവുകൾ തിരുത്തപ്പെടാതെപോകുന്ന സാഹചര്യങ്ങളുണ്ടാകുന്നു. പ്രവൃത്തിക്ക് ആവശ്യമില്ലാത്ത ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് മൂലം അധികചെലവുണ്ടായത് ഓഡിറ്റിൽ തിട്ടപ്പെടുത്തിയിട്ടുണ്ട്. അപാകതകളിലേക്ക് പഞ്ചായത്തുഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.10.2021 | 2020-21 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.03.2018 – 10.04.2018 | 2013-14 - 2017-18 | 26.05.2018 |

## 1-11 തൊഴിൽനികുതി, സ്ഥാപന നികുതി ഈടാക്കിയില്ല

2019-20 വർഷത്തെ അർദ്ധവാർഷിക വരുമാന പത്രിക, തൊഴിൽനികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കാനുള്ള അർദ്ധവർഷം |
|---|---|---|
| 1 | സെന്റ് ജോർജ്ജ് സെൻട്രൽ സ്കൂൾ, ഇ.എസ്.എം.കോളനി | II-ാം അർദ്ധവർഷം |
| 2 | കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കുളത്തുപ്പുഴ | II-ാം അർദ്ധവർഷം |
| 3 | ഹിന്ദുസ്ഥാൻ കോളേജ് ഓഫ് എൻജിനീയറിംഗ്, കുളത്തുപ്പുഴ | II-ാം അർദ്ധവർഷം |
| 4 | സപ്ലൈകോ സൂപ്പർമാർക്കറ്റ് | II-ാം അർദ്ധവർഷം |
| 5 | ശ്രീഭവൻ ഹോസ്പിറ്റൽ, കുളത്തുപ്പുഴ | II-ാം അർദ്ധവർഷം |
| 6 | കെ.എസ്.ആർ.ടി.സി., കുളത്തുപ്പുഴ യൂണിറ്റ് | II-ാം അർദ്ധവർഷം |

ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന നികുതി ഈടാക്കാനുള്ള |
|---|---|---|

| | | |
|---|---|---|
| | | അർദ്ധവർഷം |
| 1 | എസ്.ബി.ഐ., കുളത്തുപ്പുഴ | I&II അർദ്ധവർഷം |
| 2 | മുത്തൂറ്റ് ഫിൻകോർപ്പ് | I&II അർദ്ധവർഷം |
| 3 | സപ്ലൈകോ സൂപ്പർമാർക്കറ്റ് | I&II അർദ്ധവർഷം |
| 4 | കുളത്തുപ്പുഴ സർവ്വീസ് കോർപ്പറേറ്റീവ് ബാങ്ക് | I&II അർദ്ധവർഷം |
| 5 | ബി.എസ്.എൻ.എൽ., കുളത്തുപ്പുഴ | I&II അർദ്ധവർഷം |

നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (02) സെക്രട്ടറി മറുപടി നൽകിയില്ല. നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-12 ഡി.എ. കുടിശ്ശിക വിതരണം - എൻ. പി. എസ്. പെൻഷൻ വിഹിതം കുറവു ചെയ്തിട്ടില്ല

കുളത്തുപ്പുഴ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് മേയ് 2019-ലെ [ വൗച്ചർനം:21900143 തീയതി 18-5-19, 271331/-രൂപ ] ബില്ല് പ്രകാരം സർക്കാർ ഉത്തരവ് (പി) 44/2019 ധന തീയതി 4-4-19 പ്രകാരം 1-1-18 മുതൽ 30-04-19 വരെയുള്ള ഡി.എ കുടിശ്ശിക അനുവദിച്ചിട്ടുണ്ട്. കോൺട്രിബ്യൂട്ടറി പെൻഷൻ വരിക്കാരായ ജീവനക്കാരുടെ ശമ്പളവും ഡി.എയും ചേർന്ന തുകയുടെ 10% തുക പെൻഷൻഫണ്ടിലേക്ക് ഒടുക്കു വരുത്തേണ്ടത് നിർബന്ധമാണ്. എന്നാൽ ഡി.എ കുടിശ്ശിക അനുവദിച്ചിരിക്കുന്ന കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയിലുള്ള ജീവനക്കാരുടെ ഡി.എ കുടിശ്ശിക തുകയിൽ നിന്നും 10% പെൻഷൻ വിഹിതം കുറവു ചെയ്തിട്ടില്ല. ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേര് | തസ്തിക | അനുവദിച്ച ഡി.എ.കുടിശ്ശിക | ലീവ് സറണ്ടർ (ഡി.എ. കുടിശ്ശിക) | പെൻഷൻ വിഹിതം | പഞ്ചായത്ത് വിഹിതം |
|---|---|---|---|---|---|---|
| 1 | ശ്രീ. അഖിൽ ബഞ്ചമിൻ | ക്ലാർക്ക് | 11955/- | 975/- | 1098/- | 1098/- |
| 2 | ശ്രീ.ഷാലു രാജ് | ക്ലാർക്ക് | 3678/- | - | 368/- | 368/- |
| 3 | ശ്രീമതി. ശ്രീജ മോൾ എം | ഓഫീസ് അറ്റൻഡന്റ് | 9530/- | - | 953/- | 953/- |
| 4 | ശ്രീമതി. നിത്യ. എൻ | ഓഫീസ് അറ്റൻഡന്റ് | 7679/- | - | 768/- | 768/- |
| ആകെ | | | | | 3187/- | 3187/- |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ജീവനക്കാരുടെ ഡി.എ കുടിശ്ശിക തുകയിൽ നിന്നും 10% പെൻഷൻ വിഹിതം തിരിച്ച് പിടിക്കുകയും അതിന് തുല്യമായ പഞ്ചായത്ത് വിഹിതവും ഒടുക്കുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 15/18.02.2022

1-13 പാലിയേറ്റീവ് പരിചരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല

2019-20 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും 15,00,000/-രൂപ വകയിരുത്തി

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പാലിയേറ്റീവ് പരിചരണം എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 14,28,642/-രൂപ ചെലവഴിച്ചിട്ടുണ്ട്. ടി തുകയിൽ 50,000/-രൂപ സപ്ലൈകോ സൂപ്പർമാർക്കറ്റിൽ നിന്നും ന്യൂട്രീഷൻ കിറ്റ് വാങ്ങി നൽകുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പ്രോജക്ട് നമ്പർ | ചെലവഴിച്ച തുക | ബിൽ നം |
|---|---|---|---|
| 2019-20 | 02/19-20 | 50,000/- | 07/25.03.20 |

ന്യൂട്രീഷൻകിറ്റ് വാങ്ങിയ ഇനത്തിൽ 50,000/-രൂപ സപ്ലൈകോ സൂപ്പർമാർക്കറ്റ്, കുളത്തുപ്പുഴയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ വൗച്ചർ, സാധനങ്ങളുടെ വിതരണ വിവരം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വൗച്ചർ, വാങ്ങിയ സാധനങ്ങളുടെ വിതരണ വിവരം എന്നിവ പരിശോധനക്ക് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (15) നൽകിയെങ്കിലും ഹാജരാക്കിയില്ല. പാലിയേറ്റീവ് പരിചരണം സംബന്ധിച്ച് പുറത്തിറക്കിയ മാർഗ്ഗരേഖയിൽ ന്യൂട്രീഷൻ കിറ്റ് വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടില്ല. സർക്കാർ അനുമതി ഇല്ലാതെ തുക ചെലവഴിച്ചതിനാലും, രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിലും ഈ ഇനത്തിൽ ചെലവഴിച്ച 50,000/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.15/17.2.22

1-14 വിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | നിർവഹണ ഏജൻസി | നൽകിയ തുക | ബിൽ നമ്പർ / തീയതി | റിമാർക്സ് |
|---|---|---|---|---|
| 12/20 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ അടങ്കൽ- 30 ലക്ഷം | കേരള വാട്ടർ അതോറിറ്റി | 30,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 15/19-20/18-10-19 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 153/20 വലിയേല പൈപ്പ് ലൈൻ എക്സ്റ്റൻഷൻ അടങ്കൽ- 5 ലക്ഷം | കേരള വാട്ടർ അതോറിറ്റി | 4,88,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1/19-20/6-6-19 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 185/20 3 ഫേസ് വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ അടങ്കൽ- 17 | കെ.എസ്.ഇ.ബി. | 2,392/- 6,12,177/- (തനത്ഫണ്ട്) | 21900550/17-9-19 21900885/19-11-19 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| ലക്ഷം | | | | |
| 189/20 ചണ്ണമല - 3 ഫേസ് വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ അടങ്കൽ- 15 ലക്ഷം | കെ.എസ്.ഇ.ബി. | 2,392/- 14,79,577/- (തനത്ഫണ്ട്) | 21900563/26-09-19 21900886/19-11-19 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 322/20 അംഗനവാടിക്ക് കുടിവെള്ള കണക്ഷൻ അടങ്കൽ- 16528/- | കേരള വാട്ടർ അതോറിറ്റി | 16,528/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) 5601066/- | 26/19-2-/27-1-20 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| | ആകെ | 5601066/- | | |

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു. പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
മേൽ വിവരം സൂചിപ്പിച്ച് കൊണ്ട് നല്കിയ എൻക്വയറിക്ക് വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തടസ്സപ്പെടുത്തുന്ന തുക → 56,01,066/-

ഓഡിറ്റ് എൻക്വയറി നം → 9/16-2-22

## 1-15 വൗച്ചറിലെ ചെലവുകളെ സാധൂകരിക്കുന്ന ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല

2019-20 സാമ്പത്തികവർഷത്തെ വൗച്ചർ പരിശോധിച്ചതിൽ താഴെപ്പറയുന്ന വൗച്ചർ പ്രകാരം ചെലവഴിച്ച തുകകളെ സാധൂകരിക്കുന്ന ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

| വൗച്ചർ നമ്പർ | ചെലവ് | തുക(രൂപ) |
|---|---|---|
| 21900026/27.4.19 | വാട്ടർ ടാങ്ക് പർച്ചെയ്സ് | 4981/- |
| 21900131/18.5.19 | വസ്തു നികുതി - ഡിമാൻഡ് നോട്ടീസ് വിതരണം | 17310/- |
| 21900133/18.5.19 | വൈദ്യുതി ചാർജ് - ഐ.സി.ഡി.എസ് | 400/- |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വൗച്ചറുകളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധചെലുത്തേണ്ടതുമാണ്. മേൽ ചെലവ് രേഖകൾ ഹാജരാക്കുന്നത് വരെ 22691/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി 16/18.02.2022

## 1-16 പാലിന് സബ്സിഡി - തദ്ദേശസ്വയംഭരണ സ്ഥാപനവിഹിതം അനുവദനീയമായതിലും അധിക നിരക്കിൽ നല്കിയത് ക്രമീകരിക്കണം.

പ്രോജക്ട് നം- 77/2019-20 പാലിന് സബ്സിഡി
അടങ്കൽ തുക- 2,00,000/- (വികസന ഫണ്ട്-ജനറൽ)

ആകെ ചെലവ്- 1,80,190/-
നിർവഹണ ഉദ്യോഗസ്ഥ- ഡയറി ഫാം ഇൻസ്ട്രക്ടർ.

ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററൊന്നിന് നാല് രൂപ തോതിൽ ഒരു വർഷം പരമാവധി 40,000/-രൂപ ഒരു കർഷകന് സബ്സിഡിയായി നൽകാമെന്ന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിലെ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധമായ 14.12.18 ലെ സ.ഉ (കൈ) നം 22/18/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കുളത്തുപ്പുഴ പഞ്ചായത്തിൽ ക്ഷീര സഹകരണ സംഘങ്ങൾവഴി ലിറ്ററൊന്നിന് 4/-രൂപ തോതിൽ തദ്ദേശഭരണസ്ഥാപനം സബ്സിഡി നൽകി.

ക്ഷീര വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തുകയായ ഒരു രൂപ ഉൾപ്പെടാത്ത പക്ഷം കർഷകന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സബ്സിഡി ലിറ്ററിന് 3/-രൂപ തോതിലായതിനാലും സംസ്ഥാനവിഹിതം ലഭ്യമല്ലെങ്കിൽ അതും തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകണമെന്ന് സബ്സിഡി മാർഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലും പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 4/-രൂപ തോതിൽ സബ്സിഡി നൽകിയത് സബ്സിഡി മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | ബിൽ വിശദാംശം | മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ചെലവ് വിശദാംശം | അധിക തുക (₹) |
|---|---|---|---|
| 1 | 1/3.02.2020- 95,028/-രൂപ | കുമരംകരിക്കം ക്ഷീരസഹകരണ സംഘത്തിലെ 35 ക്ഷീരകർഷകർക്ക് 08/2019 മുതൽ 12/2019 വരെ മാസങ്ങളിൽ 23757 ലിറ്റർ പാൽ അളന്നതിന് 95,028/-രൂപ അനുവദിച്ചു | 23,757/- |
| 2 | 2/3.2.2020- 48,924/-രൂപ | കുളത്തുപ്പുഴ ക്ഷീരസഹകരണ സംഘത്തിലെ 15 ക്ഷീരകർഷകർക്ക് 08/2019 മുതൽ 12/2019 വരെ മാസങ്ങളിൽ 12231 ലിറ്റർ പാൽ അളന്നതിന് 48,924/-രൂപ അനുവദിച്ചു | 12,231/- |
| 3 | 4/10.03.2020- 4,526/-രൂപ | കുമരംകരിക്കം ക്ഷീരസഹകരണ സംഘത്തിലെ 5 ക്ഷീരകർഷകർക്ക് 04/2019 മുതൽ 12/2019 വരെ മാസങ്ങളിൽ 1341 ലിറ്റർ പാൽ അളന്നതിന് 4,526/-രൂപ അനുവദിച്ചു (3.375/-രൂപ നിരക്കിൽ) | 503/- |
| 4 | 10/18.03.2020- 8,244/-രൂപ | കുളത്തുപ്പുഴ ക്ഷീരസഹകരണ സംഘത്തിലെ 9 ക്ഷീരകർഷകർക്ക് 01/2020 മാസത്തിൽ 2061 ലിറ്റർ പാൽ അളന്നതിന് 8,244/-രൂപ അനുവദിച്ചു | 2,061/- |
| 5 | 11/18.03.2020- 23,468/-രൂപ | കുമരംകരിക്കം ക്ഷീരസഹകരണ സംഘത്തിലെ 38 ക്ഷീരകർഷകർക്ക് 01/2020 മാസത്തിൽ 5867 ലിറ്റർ പാൽ അളന്നതിന് 23,468/- രൂപ അനുവദിച്ചു | 5,867/- |
| | | ആകെ | 44,419/- |

പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 3/-രൂപയിൽ അധികമായി സബ്സിഡി നൽകിയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/15-02-2022) ലഭ്യമാക്കിയ മറുപടിയിൽ ഒരു ലിറ്റർ പാലിന് 3/-രൂപ മാത്രമേ നൽകാവൂ എന്ന നിർദ്ദേശം ലഭിക്കാതിരുന്നതുകൊണ്ടാണ് ഇത്തരത്തിൽ ചെലവ് ചെയ്തത് എന്നും, 2021-22 സാമ്പത്തിക വർഷം മുതൽ 3/-രൂപ നിരക്കിൽ മാത്രമേ സബ്സിഡി നൽകുന്നുള്ളുവെന്നും

വിശദീകരിക്കുന്നു. വകുപ്പ്തല വിഹിതം കൂടി ഉൾപ്പെടുത്തുന്ന പദ്ധതികളിൽ, വകുപ്പ്തല വിഹിതം ഉപയോഗിക്കുന്നതിന് ശ്രദ്ധിക്കണം. തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് അധികമായി സബ്സിഡി നൽകിയ ഇനത്തിലുള്ള 44,419/-രൂപ വകുപ്പ്തല ഫണ്ട് ലഭ്യമാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കു വരുത്തി ക്രമീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

1-17 സ്കൂളുകളിൽ വായനക്കൂട്ടം : പദ്ധതി പണത്തിന്റെ പാഴ് ചെലവ്

പ്രോജക്ട് നമ്പർ- 59, സ്കൂളുകളിൽ വായനക്കൂട്ടം.
അടങ്കൽ തുക- 3,60,000/-(വികസന ഫണ്ട് ജനറൽ)
നിർവഹണ അധികാരി : ഹെഡ് മാസ്റ്റർ
പദ്ധതിച്ചെലവ് : 3,59,880/- രൂപ(ബിൽ നമ്പർ 5/12.11.2019)

സർക്കാർ ഉത്തരവ് നമ്പർ(കൈ)11/2018 ത.സ്വ.ഭ.വ തീയതി 29.01.2018 ഖ.7.6(4)ൽ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുക, സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുക, പരിശീലനങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയ ഗവേഷണാത്മക പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.
ഹെഡ്മാസ്റ്റർ നിർവഹണ അധികാരിയായി പഞ്ചായത്ത് നടപ്പിൽ വരുത്തിയ 'സ്കൂളുകളിൽ വായനക്കൂട്ടം' എന്ന പദ്ധതിയുടെ നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.
1. സർക്കാർ ഉത്തരവിന്റെ ഉദ്ദേശശുദ്ധിയെ സാധൂകരിക്കുന്ന തരത്തിൽ, പഞ്ചായത്തിലെ ഏതെങ്കിലും സ്കൂളിൽ വായനക്കൂട്ടം രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു എന്ന് വ്യക്തമാക്കുന്ന യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കാൻ പദ്ധതി നിർവഹണ അധികാരിക്ക് കഴിഞ്ഞിട്ടില്ല.
2. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചിൽഡ്രൻസ് ലിറ്ററേച്ചർ എന്ന സ്ഥാപനത്തിന്റെ പേരിൽ 'തളിർ' എന്ന മാസികയുടെ 13224 കോപ്പികളുടെ വിലയിനത്തിൽ, കോപ്പി ഒന്നിന് 20/-രൂപ നിരക്കിൽ 2,64,480/-രൂപയും, ലിറ്റിൽഹാൻസ് എന്ന സ്ഥാപനത്തിന് 'ലിറ്റിൽ ഹാൻഡ് 'എന്ന മാസികയുടെ 3180 കോപ്പികളുടെ വില ഇനത്തിൽ, കോപ്പി ഒന്നിന് 30/-രൂപ നിരക്കിൽ, 95,400/-രൂപയും വിതരണം നടത്തുക മാത്രമാണ് ചെയ്തിട്ടുള്ളതെന്ന് ഓഡിറ്റിന് ഹാജരാക്കിയ ട്രഷറി ബിൽ രേഖകൾ പരിശോധിച്ചതിൽ വ്യക്തമാകുന്നു. എന്നാൽ വാങ്ങിയ മാസികകളുടെ വിതരണവിവരം ഹാജരാക്കിയിട്ടില്ല. മാസികകൾ വാങ്ങിയതിന് ഉപരിയായി യാതൊരുവിധ പദ്ധതി പ്രവർത്തനവും നടന്നതായി രേഖയില്ല.
3. അപാകതകൾക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/19-20, തീയതി 16.2.22ന് പദ്ധതിനിർവ്വഹണ അധികാരി മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ പരാമർശ കാരണങ്ങളാൽ 3,59,880/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-18 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് എ.എം.സി - അധികം നൽകിയ തുക തിരികെ ഈടാക്കിയില്ല.

പ്രോജക്ട് നമ്പർ - 7/20
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി, കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്ത്
കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിലെ കമ്പ്യൂട്ടർ അനുബന്ധഉപകരണങ്ങളുടെ വാർഷിക മെയിന്റനൻസിന് കെൽട്രോണുമായി 16-9-19 ൽ കരാറിൽ ഏർപ്പെടുകയും 97,818/-രൂപ ( ബിൽ നമ്പർ 13/19-20/30-9-19 ) കെൽട്രോണിന് നൽകുകയും ചെയ്തു. എന്നാൽ കെൽട്രോണിന്റെ 23/9/19 ലെ ഇൻവോയ്സ് പ്രകാരം (നമ്പർ - CSG/04892/19-20) പ്രകാരം 96,996/-രൂപയാണ്

AMC ഇനത്തിൽ കെൽട്രോണിന് നൽകേണ്ടിയിരുന്നത്. കരാർ പ്രകാരവും ഇൻവോയ്സ് പ്രകാരവും ഉള്ള ഉപകരണങ്ങളുടെ എണ്ണം തുല്യവുമായിരുന്നു. അധികം നൽകിയ 822/-രൂപ (97818-96996) നാളിതു വരെയും തിരികെ ലഭിച്ചിട്ടില്ല. ഇതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 16/2/22 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9 നുള്ള മറുപടിയിൽ 822/-രൂപ തിരികെ ഈടാക്കി രേഖകൾ ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. 822/-രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഉൾപ്പെടുത്തേണ്ടാത്ത ഇനങ്ങൾ കൂടിചേർത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം അധികച്ചെലവ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-2020 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ വിവിധ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിരിക്കുന്ന Construction Of Earthern Bund എന്ന ഇനം പ്രവൃത്തിയ്ക്ക് Code-2.3.1 എന്നിവ പ്രകാരം ബെൽഡർ, കൂലി എന്നീ അവിദഗ്ധ തൊഴിലാളികൾക്കുള്ള മനുഷ്യദിനങ്ങൾ കൂടാതെ ബിസ്തി, ചൗക്കിദാർ എന്നിവർക്കുള്ള മനുഷ്യദിനങ്ങളും, Hire Charges Of Diesel Road Roller, Diesel Oil, Solvent/Diesel, Sundries എന്നീ ഇനങ്ങളും ഉൾപ്പെടെ എം.3 ന് 192.758/-രൂപയും നിരക്ക് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രസ്തുത ഇനത്തിന്റെ തുടർച്ചയായി Hire Charges Of Diesel Road Roller, Chowkidar, Diesel Oil, Solvent/Diesel എന്നിവ പൂർണമായും Sundries ഇനത്തിൽ ആനുപാതികമായും കുറവ് വരുത്തി നിരക്ക് കണക്കാക്കി കൂലി അനുവദിച്ചിട്ടുണ്ട്. ബിസ്തി ഇനത്തിലുള്ള മനുഷ്യദിനം ഒരു പ്രവൃത്തിയിലും കുറവ് ചെയ്തിട്ടില്ല. നിരക്ക് കണക്കാക്കൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Code 2.3.1 - Earth Work –Banking Excavated Earth In Layers...all Kinds Of Soil.

Earthern Bund

| ക്രമ നം. | Code | Description | Unit | Quantity | Rate | Amount(രൂപ) |
|---|---|---|---|---|---|---|
| 1. | 0114 | Beldar | Day | 0.2200 | 271 | 59.62 |
| 2. | 0115 | Coolie | Day | 0.3600 | 271 | 97.56 |
| 3. | 0101 | Bhisti | Day | 0.0400 | 800 | 32.00 |
| 4. | 0003 | Hire Charges Of Diesel Road Roller-8 To 10 Tonne | Day | 0.0008 | 1990 | 1.59 |
| 5. | 0113 | Chowkidar | Day | 0.0008 | 271 | 0.22 |
| 6. | 1235 | Diesel Oil | Litre | 0.0144 | 66 | 0.95 |
| 7. | 2342 | Solvent/Diesel | Quintal | 0.0001 | 0.00 | 0.00 |
| 8. | 9999 | Sundries | L.S. | 0.2730 | 3.00 | 0.82 |
| | | | | | ആകെ | 192.758/എം3 |

പ്രവൃത്തികളിൽ എസ്റ്റിമേറ്റുകളിൽ കുറവ് ചെയ്ത ഇനങ്ങൾ

Code 2.3.1 - Earth Work – Banking Excavated Earth In Layers...all Kinds Of Soil.

Earthern Bund

| | | | | | | |
|---|---|---|---|---|---|---|
| 1. | 0003 | Hire Charges Of Diesel Road Roller-8 To 10 Tonne | Day | 0.0008 | 1990 | 1.59 |
| 2. | 0113 | Chowkidar | Day | 0.0008 | 271 | 0.22 |
| 3. | 1235 | Diesel Oil | Litre | 0.0144 | 66 | 0.95 |

| | | | | | | |
|---|---|---|---|---|---|---|
| 4. | 2342 | Solvent/Diesel | Quintal | 0.0001 | 0.00 | 0.00 |
| 5. | 9999 | Sundries | L.S. | 0.182 | 3.00 | 0.55 |
| | | ആകെ | | | | 3.305 |

എസ്റ്റിമേറ്റുകളിൽ കുറവ് വരുത്തിയശേഷം കണക്കാക്കിയ നിരക്ക് – 189.45/-രൂപ /എം.3

ബിസ്റ്റി ഇനത്തിലുള്ള മനുഷ്യദിനം ഉൾപ്പെടെ കുറവ് വരുത്തിയശേഷം കണക്കാക്കേണ്ട നിരക്ക് – 157.45/-രൂപ/എം.3 (189.45-32) ഉൾപ്പെടുത്തേണ്ടാത്ത ഇനങ്ങൾ കൂടിചേർത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം വിവിധ പ്രവൃത്തികളിലായി 516307/-രൂപ അനർഹമായി അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തി/ റ്റി. എസ് നമ്പർ | ആകെ പ്രവൃത്തി മൂല്യം | എം.ബുക്ക് നമ്പർ, അളവ് | 189.45/-എം.3 നിരക്കിൽ അനുവദിച്ച തുക(രൂപ) | എഫ്.റ്റി.ഒ നമ്പർ | 157.45/-എം.3 നിരക്കിൽ അനുവദിക്കാവുന്ന തുക(രൂപ) | അധികമായി അനുവദിച്ച തുക(രൂപ) |
|---|---|---|---|---|---|---|---|
| 1 | നെടുവണ്ണൂർക്കടവ് ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മൺ കയ്യാല നിർമ്മാണം WC/366673 TS NO: 223212 | 238.68 | 167/ 19-20 | 45218/- | KL1613001006_021119 APB_FTO_324887 KL1613001006_021119 FTO_325081 KL1613001006_310120 APB_FTO_541375 KL1613001006_310120 FTO_541359 | 37580/- | 7638/- |
| 2 | ആല്യംപൊയ്ക ആർ പി എൽ തോട്ടത്തിൽ മണ്ണ്കയ്യാല (ഭാഗം 5) WC/356350 TS NO: 111293 | 342.30 | 141/ 19-20 | 64849/- | KL1613001006_170619 APB_FTO_102313 KL1613001006_170619 FTO_102309 KL1613001006_180719 APB_FTO_142732 | 53895/- | 10954/- |
| 3 | ചോഴിയക്കോട് ഭാഗം ചെറുകിട നാമമാത്ര കുടുംബങ്ങളുടെ ഭൂമിയിൽ മൺ കയ്യാല നിർമ്മാണം WC/366243 TS NO: 21545 | 440.64 | 185/ 19-20 | 83479/- | KL1613001006_171221 FTO_1021112 KL1613001006_171221 APB_FTO_1021116 KL1613001006_171221 APB_FTO_1021119 KL1613001006_010220 APB_FTO_542911 KL1613001006_010220 FTO_542889 | 69379/- | 14100/- |
| 4 | കടമാൻകോട് എസ് റ്റി കോളനിയിലെ ഭൂമിയിൽ മണ്ണ്കയ്യാല നിർമ്മാണം | 264.60 | 192/ 19-20 | 50128/- | KL1613001006_090819 APB FTO_170567 KL1613001006_090819 FTO_170550 KL1613001006_240819 | 41661/- | 8467/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | WC/339991<br>TS NO: 18246 | | | | FTO_185224<br>KL1613001006_240819<br>APB_FTO_185284 | | |
| 5 | RPL UNIT I- ൽ മണ്ണ്കയ്യാല നിർമ്മാണം (ഭാഗം 2) (1659 എണ്ണം)<br>LD/347688<br>TS NO: 113408 | 351.72 | 179/<br>19-20 | 66633/- | KL1613001006_060719<br>APB_FTO_128530<br>KL1613001006_060719<br>FTO_128514<br>KL1613001006_150719<br>APB_FTO_137835<br>KL1613001006_150719<br>FTO_137821<br>KL1613001006_010819<br>APB_FTO_160056<br>KL1613001006_010819<br>FTO_160054 | 55378/- | 11255/- |
| 6 | RPL UNIT 6 ഭാഗം മണ്ണ്കയ്യാല നിർമ്മാണം (ഭാഗം 2)<br>WC/355151<br>TS NO: 94299 | 249.60 | 123/<br>19-20 | 47286/- | KL1613001006_240819<br>FTO_185224<br>KL1613001006_290819<br>APB_FTO_188733<br>KL1613001006_310819<br>APB_FTO_198687 | 39300/- | 7986/- |
| 7 | അയ്യപ്പൻപിള്ള വളവ് ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മൺ കയ്യാല നിർമ്മാണം<br>WC/362732<br>TS NO: 184106 | 413.91 | 257/<br>19-20 | 78415/- | KL1613001006_060919<br>FTO_216751<br>KL1613001006_060919<br>APB_FTO_216836<br>KL1613001006_241219<br>APB_FTO_449559<br>KL1613001006_241219<br>FTO_449498 | 65170/- | 13245/- |
| 8 | തലക്കൽ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ്കയ്യാല നിർമ്മാണം<br>(ഭാഗം 4)<br>WC/367940<br>TS NO: 235495 | 324 | 189/<br>19-20 | 61382/- | KL1613001006_140120<br>FTO_495864<br>KL1613001006_140120<br>APB_FTO_495974<br>KL1613001006_220120<br>APB_FTO_515679<br>KL1613001006_220120<br>FTO_515635<br>KL1613001006_081020<br>APB_FTO_348102<br>KL1613001006_081020 | 51014/- | 10368/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | FTO_348095 | | |
| 9 | കല്ലുകുഴി ഭാഗം ചെറുകിട നാമമാത്ര കുടുംബങ്ങളുടെ ഭൂമിയിൽ മൺ കയ്യാല നിർമ്മാണം WC/366245 TS NO: 215080 | 421.20 | 239/ 19-20 | 79796/- | KL1613001006_171221 APB_FTO_1021116 KL1613001006_171221 FTO_1021118 KL1613001006_171221 APB_FTO_1021119 KL1613001006_070120 APB_FTO_481139 KL1613001006_070120 FTO_481098 | 66318/- | 13478/- |
| 10 | അയ്യപ്പൻപിള്ള വളവ് ചെറുകിട നാമമാത്ര കുടുംബങ്ങളുടെ ഭൂമിയിൽ മൺകയ്യാല നിർമ്മാണം (KPZ Nerthadam) WC/355665 TS NO: 104078 | 367.20 | 240/ 19-20 | 69566/- | KL1613001006_190719 APB_FTO_144336 KL1613001006_190719 FTO_144322 KL1613001006_030819 APB_FTO_163259 | 57816/- | 11750/- |
| 11 | ചെമ്പനഴികം ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മൺകയ്യാല നിർമ്മാണം WC/359839 TS NO: 169292 | 438.75 | 287/ 19-20 | 83121/- | KL1613001006_290819 APB_FTO_188790 KL1613001006_240819 FTO_185224 KL1613001006_261019 APB_FTO_307794 | 69081/- | 14040/- |
| 12 | കടമാൻകോട് ക്ഷേത്രം ഭാഗം പട്ടിക വർഗ കുടുംബങ്ങളുടെ ഭൂമിയിലെ മണ്ണ്കയ്യാല നിർമ്മാണം WC/366025 TS NO: 232298 | 471.84 | 255/ 19-20 | 89390/- | KL1613001006_141119 APB_FTO_352239 KL1613001006_141119 FTO_352208 KL1613001006_281119 APB_FTO_385721 KL1613001006_281119 FTO_385689 | 74291/- | 15099/- |
| 13 | മൈലമൂട് ഭാഗം SC ST BPL APL കുടുംബങ്ങളുടെ ഭൂമിയിൽ മൺ കയ്യാല നിർമ്മാണം (വാർഡ് 11 ) | 396.00 | 113/ 19-20 | 75022/- | KL1613001006_031019 APB_FTO_249864 KL1613001006_031019 FTO_249851 KL1613001006_081119 | 62350/- | 12672/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | WC/363245<br>TS NO: 183785 | | | | FTO_339233<br>KL1613001006_081119<br>APB_FTO_339273 | | |
| 14 | അരിപ്പ ഭാഗം ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മൺകയ്യാല നിർമ്മാണം (ഭാഗം 1)<br>WC/366297<br>TS NO: 214510 | 436.32 | 297/<br>19-20 | 82660/- | KL1613001006_171221<br>FTO_1021112<br>KL1613001006_171221<br>APB_FTO_1021116<br>KL1613001006_171221<br>APB_FTO_1021119<br>KL1613001006_250220<br>APB_FTO_601176<br>KL1613001006_250220<br>FTO_601146 | 68699/- | 13961/- |
| 15 | മടത്തിക്കോണം ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മൺ കയ്യാല നിർമ്മാണം<br>WC/371336<br>TS NO: 291198 | 216.00 | 281/<br>19-20 | 40921/- | KL1613001006_130122<br>FTO_1183488<br>KL1613001006_130122<br>APB_FTO_1183473<br>KL1613001006_130122<br>FTO_1183458<br>KL1613001006_290320<br>APB_FTO_695322<br>KL1613001006_280320<br>FTO_693835 | 34009/- | 6912/- |
| 16 | കടമാൻകോട് ചെറുകിട നാമമാത്ര കർകരുടെ ഭൂമിയിൽ മണ്ണ്കയ്യാല നിർമ്മാണം<br>WC/353872<br>TS NO: 174246 | 226.80 | 139/<br>19-20 | 42967/- | KL1613001006_080719<br>APB_FTO_129905<br>KL1613001006_300719<br>APB_FTO_158322<br>KL1613001006_060919<br>APB_FTO_216836 | 35710/- | 7257/- |
| 17 | ആലുംപൊയ്ക ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ്കയ്യാല (ഭാഗം 3)<br>WC/338565<br>TS NO:67206 | 367.20 | 145/<br>19-20 | 69566/- | KL1613001006_140619<br>APB_FTO_99792<br>KL1613001006_240619<br>APB_FTO_110453<br>KL1613001006_150719<br>APB_FTO_136999<br>KL1613001006_240720<br>APB_FTO_189771 | 57816/- | 11750/- |
| 18 | നെട്ടുവണ്ണൂർക്കടവ് ചെറുകിട നാമമാത്ര | 238.68 | 167/<br>19-20 | 45218 | KL1613001006_021119<br>APB_FTO_324887<br>KL1613001006_021119 | 37580/- | 7638/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | കർഷകരുടെ ഭൂമിയിൽ മൺ കയ്യാല നിർമ്മാണം WC/366673 TS NO: 223212 | | | | FTO_325081 KL1613001006_310120 APB_FTO_541375 KL1613001006_310120 FTO_541359 | | |
| 19 | കടമാൻകോട് ബി പി എൽ, എസ് സി, എസ് റ്റി കുടുംബങ്ങളുടെ ഭൂമിയിൽ മണ്ണ്കയ്യാല നിർമ്മാണം Wc/364183 TS NO: 208886 | 398.88 | 312/ 19-20 | 75568/- | KL1613001006_111019 APB_FTO_271675 KL1613001006_111019 FTO_271539 KL1613001006_291019 APB_FTO_314065 KL1613001006_291019 FTO_314011 | 62804/- | 12764/- |
| 20 | ചോഴിയക്കോട് ഭാഗം ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മൺ കയ്യാല നിർമ്മാണം ഭാഗം 3 WC/367279 TS NO: 215005 | 470.88 | 285/ 19-20 | 89208/- | KL1613001006_171221 APB_FTO_1021202 KL1613001006_171221 FTO_1021201 KL1613001006_160122 FTO_1191536 | 74140/- | 15068/- |
| 21 | ചന്ദനക്കാവ് എസ് സി, എസ് റ്റി , ബി പി എൽ കുടുംബങ്ങളുടെ ഭൂമിയിൽ മണ്ണ്കയ്യാല നിർമ്മാണം (ഭാഗം 2), WC/366561 TS NO: 225371 | 288.60 | 325/ 19-20 | 54675/- | KL1613001006_070120 APB_FTO_481139 KL1613001006_070120 FTO_481098 KL1613001006_050220 APB_FTO_553663 KL1613001006_050220 FTO_553594 | 45440/- | 9235/- |
| 22 | മിൽപ്പാലം ഭാഗം ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മൺകയ്യാല നിർമാണം. | 444.6 | 178/ 19-20 | 84229/- | KL1613001006_241219 APB_FTO_449559 KL1613001006_241219 FTO_449498 KL1613001006_250220 APB_FTO_601176 KL1613001006_250220 FTO_601146 | 70002/- | 14227/- |
| 23 | മാടൻനട ബിപിഎൽ എസ്.സി എസ്.റ്റി | 583.20 | 310/ 19-20 | 110487/- | KL1613001006_080719 APB_FTO_129905 KL1613001006_300719 | 91825/- | 18662/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | കുടുംബങ്ങളുടെ ഭൂമിയിൽ മണ്ണ്കയ്യാല നിർമാണം. WC/353927 TS NO: 121790 | | | | APB_FTO_158322 KL1613001006_060919 APB_FTO_216836 | | |
| | | | | | | ആകെ | 268526/- |

മേൽ സൂചന അപാകതയിന്മേൽ രേഖാമൂലമുള്ള വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 2019-20 ൽ ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത മൺകയ്യാല നിർമ്മാണ പ്രവൃത്തിക്ക് SPEC 2.3.1 പ്രകാരം കയ്യാല നിർമ്മാണത്തിന് Rs.192.758/M3 നിരക്കിലാണ് എസ്റ്റിമേറ്റ് എടുത്തിരുന്നതെന്നും എസ്റ്റിമേറ്റിൽത്തന്നെ SPEC 2.4 പ്രകാരമുള്ള കുറവ് ചെയ്തിരുന്നുവെന്നും കുളത്തൂപ്പുഴ മലയോരപ്രദേശമായതിനാൽ കയ്യാല നിർമ്മാണത്തിന് ആവശ്യമായ വെള്ളം, ലഭ്യമാകുന്ന സ്ഥലത്ത് നിന്ന് കൊണ്ടുവന്നാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതെന്നും എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന അർദ്ധവിദഗ്ദ്ധ വേതനം നൽകിയിട്ടില്ലെന്നും 271/-രൂപ നിരക്കിലുള്ള അവിദഗ്ദ്ധവേതനം മാത്രമാണ് നൽകിയിട്ടുള്ളതെന്നും മറുപടി നൽകിയിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ വിവിധ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിരിക്കുന്ന Construction Of Earthern Bund എന്ന ഇനം പ്രവൃത്തിയ്ക്ക് Code-2.3.1 എന്നിവ പ്രകാരം ബെൽഡർ, കൂലി എന്നീ അവിദഗ്ദ്ധ തൊഴിലാളികൾക്കുള്ള മനുഷ്യദിനങ്ങൾ കൂടാതെ ബിസ്തി, ചൗക്കിദാർ എന്നിവർക്കുള്ള മനുഷ്യദിനങ്ങളും, Hire Charges Of Diesel Road Roller, Chowkidar, Diesel Oil, Solvent/Diesel, Sundries എന്നീ ഇനങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ നിരവധി ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത ഇനത്തിന്റെ തുടർച്ചയായി Bhisti, Hire Charges Of Diesel Road Roller, Chowkidar, Diesel Oil, Solvent/Diesel എന്നിവ പൂർണമായും Sundries ഇനത്തിൽ ആനുപാതികമായും കുറവ് വരുത്തുകയും ചെയ്തിട്ടുള്ളതിനാലും കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിലും 2020-21 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ വിവിധ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിരിക്കുന്ന Construction Of Earthern Bund എന്ന ഇനം പ്രവൃത്തിയ്ക്ക് Code 80.8.120 പ്രകാരം കൂലി എന്ന അവിദഗ്ദ്ധ തൊഴിലാളികൾക്കുള്ള മനുഷ്യദിനങ്ങൾ മാത്രം കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതിനാലും മറുപടി അംഗീകരിയ്ക്കാൻ കഴിയില്ല. അധിക ഇനം അനുവദിച്ചത് മൂലം വിവിധ പ്രവൃത്തികളിലായി അനർഹമായി അനുവദിച്ച 268526/-രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

നിരാകരിച്ച തുക- 268526/- രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ- 11/19-20-17.02.22

1-20 റോസുമല അങ്കണവാടി അറ്റകുറ്റപ്പണി - ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയുടെ വിവരങ്ങൾ ഇല്ല.

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ റോസുമല അങ്കണവാടി അറ്റകുറ്റപ്പണി (പ്രോ നം. 180/19-20) എന്ന പ്രോജക്ടിന്റെ എസ്റ്റിമേറ്റിലെ അനുബന്ധം 2 ആയി ഇലക്ട്രിഫിക്കേഷന് ലംപ്സം തുകയായി 15,000/-രൂപ വകയിരുത്തുകയും അളവ്പുസ്തകം പേജ് 19-ൽ Electrification Work-based On Bill Submitted By Contractor എന്ന് രേഖപ്പെടുത്തി 15,000/-രൂപയുടെ ചെലവ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയുടെ യാതൊരു ബില്ലും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം : 180/19-20

പ്രവൃത്തിയുടെ പേര് : റോസുമല അങ്കണവാടി അറ്റകുറ്റപ്പണി
അടങ്കൽ : 2,00,000/-

ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)
കരാർ നം. : AGMT/16/AE/LSGD/KPZA/17-18DTD. 27.11.17

കരാർ തുക- 1,94,154/-

എം.ബുക്ക്നം. : 93/17-18

ചെലവ് : 1,69,802/- രൂപ

ബിൽ നം. : 14/10.05.19

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, പരാമർശം ടി കാലയളവിൽ സേവനം അനുഷ്ഠിച്ചിരുന്ന അസി.എഞ്ചിനീയറെ രേഖാമൂലം അറിയിച്ച് ആയതിന്റെ മറുപടി ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയുടെ യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ അളവ്പുസ്തകത്തിൽ Electrification Work-based On Bill Submitted By Contractor എന്ന് രേഖപ്പെടുത്തി ചെലവഴിച്ച 15,000/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. ചെലവിനെ സാധൂകരിയ്ക്കുന്ന രേഖകൾ ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

തടസപ്പെടുത്തിയ തുക- 15,000/- രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ 06/19-20-15.02.22

1-21 കരാറുകാരന്റെ മണ്ണ് ഉപയോഗിച്ച് നികത്തൽ എന്ന പ്രവൃത്തിയിൽ നിന്നും കുഴിച്ചെടുത്ത മണ്ണിന്റെ അളവ് കുറവ് ചെയ്തിട്ടില്ല.

കടമാൻകോട് എൽ.പി.എസ്. ഗ്രൗണ്ട് പുനരുദ്ധാരണം എന്ന പ്രോജക്ടിന്റെ എസ്റ്റിമേറ്റിലെ 6-ാം ഇനമായ കരാറുകാരന്റെ മണ്ണ് ഉപയോഗിച്ച് നികത്തൽ എന്ന പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയപ്പോൾ പ്രസ്തുത പ്രവൃത്തിയിലെ വിവിധ ഇനങ്ങളിലായി കുഴിച്ചെടുത്ത മണ്ണിന്റെ അളവ് കുറവ് ചെയ്തിട്ടില്ല. പ്രസ്തുത മണ്ണ് സംബന്ധമായി യാതൊരു രേഖപ്പെടുത്തലും അളവ് പുസ്തകത്തിൽ അസി.എഞ്ചിനീയർ വരുത്തിയിട്ടുമില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0158/20 കടമാൻകോട് എൽ.പി.എസ്. ഗ്രൗണ്ട് പുനരുദ്ധാരണം |
| അടങ്കൽ | 3,00,000/-രൂപ (മെ.ഗ്രാ.റോഡിതരം) |
| ചെലവ് | 2,98,254/-രൂപ (ട്രഷറി ബിൽ നം. 9/09.05.19) |
| പി.എ.സി. | 2,99,805/-രൂപ |
| എം. ബുക്ക് നമ്പർ | 46/18-19 |
| കരാർ ഉടമ്പടി നമ്പർ | 22/AE/LSGD/KPZA/2018-19, 17.09.18 |
| കരാറുകാരൻ | ശ്രീ. അബ്ദുൾ സലിം |
| അളവ് പുസ്തക പ്രകാരം പ്രവൃത്തി മൂല്യം | 2,98,254/-രൂപ |

പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ 1-ാം ഇനമായി അളവ് പുസ്തകത്തിലെ പേജ് നമ്പർ 7-ൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുകൾ പ്രകാരം 38.08 ഘ.മീ. മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിലെ 1-ാം ഇനമായി അളവ് പുസ്തകത്തിലെ പേജ് നമ്പർ 1-ൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുകൾ പ്രകാരം 7.5ഘ.മീ. മണ്ണും കുഴിച്ചെടുത്തിട്ടുണ്ട്. റിവൈസ്ഡ്

എസ്റ്റ്മേറ്റിലെ 6-ാം ഇനമായ കരാറുകാരന്റെ മണ്ണ് ഉപയോഗിച്ച് നികത്തൽ എന്ന പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ ആകെ അളവ് 42 ഘ.മീ. ആണ്. ഇതിൽ നിന്നും സൈറ്റിൽ ലഭ്യമായിരുന്ന 45 ഘ.മീ. മണ്ണ് കുറവ് ചെയ്തിട്ടില്ല. 1 ഘ. മീ. മണ്ണിട്ട് നികത്തൽ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് 294.97/-രൂപയാണ്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മണ്ണിന്റെ റോയൽറ്റി | ഘനമീറ്റർ | 30.00 |
| മണ്ണിന്റെ കടത്തുകൂലി | ഘനമീറ്റർ | 129.71 |
| മേറ്റ് | ദിവസം | 4.07 |
| കൂലി | ദിവസം | 3.68 |
| ഭിസ്തി | ദിവസം | 4.07 |
| കരാറുകാരന്റെ ലാഭവും ഓവർഹെഡും 15% | | 25.73 |
| വാട്ടർ ചാർജ് 1% | | 1.97 |
| ആകെ | | 199.25 |
| കോസ്റ്റ് ഇൻഡക്സ് 48.04% | | 95.71 |
| ആകെ | | 294.97 |

പ്രസ്തുത നിരക്ക് അനുസരിച്ച് സൈറ്റിൽ മണ്ണ് ലഭ്യമായിരുന്നപ്പോൾ 1 ഘ. മീ. മണ്ണിട്ട് നികത്തൽ പ്രവൃത്തിക്ക് 274.6/-രൂപ കുറവ് ചെയ്യണമായിരുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മണ്ണിന്റെ റോയൽറ്റി | ഘനമീറ്റർ | 30.00 |
| മണ്ണിന്റെ കടത്തുകൂലി | ഘനമീറ്റർ | 129.71 |
| കരാറുകാരന്റെ ലാഭവും ഓവർഹെഡും 15% | | 23.956 |
| വാട്ടർ ചാർജ് 1% | | 1.836 |
| ആകെ | | 185.5 |
| കോസ്റ്റ് ഇൻഡക്സ് 48.04% | | 89.11 |
| ആകെ | | 274.61 |

ആയത് അനുസരിച്ച് സൈറ്റിൽ ലഭ്യമായിരുന്ന മണ്ണ് കുറവ് ചെയ്യാത്തതിനാൽ 11,533/-രൂപ (274.6x42) നഷ്ടമായിട്ടുണ്ട്.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പരാമർശം ടി കാലയളവിൽ സേവനം അനുഷ്ഠിച്ചിരുന്ന അസി.എഞ്ചിനീയറെ രേഖാമൂലം അറിയിക്കുകയും ആയതിന്റെ മറുപടി ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കുന്നതുമാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. കരാറുകാരന്റെ മണ്ണ് ഉപയോഗിച്ച് നികത്തൽ എന്ന ഇനത്തിൽ നിന്നും കുഴിച്ചെടുത്ത മണ്ണിന്റെ അളവ് കുറവ് ചെയ്യാതെ അന്തിമ ബിൽ നൽകിയതുമൂലം അധികമായി ചെലവഴിയ്ക്കപ്പെട്ട 11,533/-രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കവരുത്തി രേഖകൾ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കേണ്ടതാണ്.

നിരാകരിച്ച തുക- 11,533/- രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ 14/19-20-17.02.22

1-22 പ്രവൃത്തി കരാർ കാലാവധിയ്ക്ക് ശേഷം പൂർത്തീകരിച്ചു - അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയില്ല

മരാമത്ത് പ്രവൃത്തികൾ കരാറുകാർ സമയബന്ധിതമായി പൂർത്തിയാക്കാത്ത പക്ഷം വൈകിയ ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ 0.1% തുക എന്ന നിരക്കിൽ കണക്കാക്കി Compensation For Delay/Liquidated Charges ഇനത്തിൽ അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രം കരാറുകാരന് തുക നൽകണമെന്ന് 01.02.2012-ലെ G.O.(P)No.13/2012/PWD പ്രകാരമുള്ള 2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2116.1 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

2012-ലെ കേരളാ പൊതുമരാമത്തു വകുപ്പ് മാന്വൽ ഖണ്ഡിക 2112-ൽ നിർദ്ദേശിക്കും പ്രകാരം പ്രവൃത്തിയുടെ കാലാവധി തീരുന്നതിന് മുമ്പ് കരാറുകാരൻ ദീർഘീകരണത്തിന് അപേക്ഷിക്കുകയോ ടിയാന് കാലാവധി നീട്ടി നൽകുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ടി മാന്വൽ ഖണ്ഡിക 2116-1 പ്രകാരം കരാറുകാരനിൽനിന്നും കരാർ തുകയുടെ 0.1% നിരക്കിൽ ഓരോ ആഴ്ചയ്ക്കും Compensation For Delay/Liquidated Charges ആയി ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. കരാറുകാരനിൽ നിന്നും ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി വിവരങ്ങൾ | സൈറ്റ് കൈമാറിയ തീയതി | പ്രവൃത്തി പൂർത്തി യാക്കേണ്ട തീയതി | പ്രവൃത്തി പൂർത്തി യാക്കിയ തീയതി | കാലതാമസം വരുത്തിയ ആകെ ആഴ്ചകൾ | ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജ് |
|---|---|---|---|---|---|---|
| 1. | പ്രോജക്ട് നം.: 178/19-20<br>പ്രവൃത്തിയുടെ പേര് : ചന്ദനക്കാവ് നേർച്ചപ്പള്ളി മഠത്തിലയും റോഡ് മെറ്റലിംഗ് & ടാറിംഗ്<br>അടങ്കൽ : 500000/-<br>ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>കരാർനം.: AGMT/79 /AE/LSGD /KPZA/17-18DTD. 31.03.18<br>കരാർ തുക- 319262/-<br>എം.ബുക്ക്നം.: 92/17-18<br>ചെലവ് :319245/- രൂപ<br>ബിൽ നം.: 3/10.05.19<br>കരാറുകാരൻ - ശ്രീ.ജാഫർ ഖാൻ | 31.03.18 | 30.06.18 | 22.03.19 | 37 | 319262x.1%x37= 11813/- |
| 2. | പ്രോജക്ട് നം.: 179/19-20<br>പ്രവൃത്തിയുടെ പേര് :ചന്ദനക്കാവ് | 31.03.18 | 30.06.18 | 22.03.19 | 37 | 354915x.1%x37= 13132/- |

| | | | | | | |
|---|---|---|---|---|---|---|
| | തെങ്ങുംപണ റോഡ് മെറ്റലിംഗ് & ടാറിംഗ് അടങ്കൽ : 3,80,000/-<br>ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡ്) കരാർനം.: AGMT/63 /AE/LSGD /KPZA/17-18DTD. 31.03.18<br>കരാർ തുക- 354915/- എം.ബുക്ക്നം.: 48/18-19 ചെലവ് : 354833/- രൂപ ബിൽ നം.: 11/10.05.19<br>കരാറുകാരൻ - ശ്രീ.ജാഫർ ഖാൻ | | | | | |
| 3. | പ്രോജക്ട് നം.: 180/19-20 പ്രവൃത്തിയുടെ പേര് : റോസുമല അങ്കണവാടി അറ്റകുറ്റപ്പണി അടങ്കൽ : 200000/-<br>ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) കരാർനം.: AGMT/16 /AE/LSGD/KPZA/17-18 DTD. 27.11.17<br>കരാർ തുക- 194154/- എം.ബുക്ക്നം.: 93/17-18 ചെലവ് : 169802/- രൂപ ബിൽ നം.: 14/10.05.19 കരാറുകാരൻ- ശ്രീ.സാബു വർഗീസ് | 27.11.17 | 26.02.18 | 5.12.18 | 40 | 194154x.1%x40 = 7776/- |
| 4. | പ്രോജക്ട് നം.: 177/20 പ്രവൃത്തിയുടെ പേര് : ചന്ദനക്കാവ് | 31.03.18 | 30.06.18 | 20.03.19 | 38 | 1227651x.1%x38= 46651/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | വടക്കേചെറുകര റോഡ് റോഡ്റീടാറിംഗ്<br>അടങ്കൽ : 13,00,000/-<br>ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>കരാർനം.: AGMT/60 /AE/LSGD/KPZA/17-18 DTD.31.03.18<br>കരാർ തുക – 1227651/-<br>എം.ബുക്ക്നം.: 85/18-19 & 86/18-19<br>ചെലവ്:1227651/-രൂപ<br>ബിൽ നം.: 17/13.05.19<br>കരാറുകാരൻ - ശ്രീ.ജാഫർ ഖാൻ | | | | | | |
| | ആകെ | | | | | 79372/- | |

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പരാമർശം ടി കാലയളവിൽ സേവനം അനുഷ്ഠിച്ചിരുന്ന അസി.എഞ്ചിനീയറെ രേഖാമൂലം അറിയിക്കുകയും ആയതിന്റെ മറുപടി ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കുന്നതുമാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. Compensation For Delay Charges ഈടാക്കാതെ അന്തിമ ബില്ലുകൾ നൽകിയതുമൂലം അധികമായി ചെലവഴിയ്ക്കപ്പെട്ട 79372/-രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

Compensation For Delay Charges ഇനത്തിലുള്ള തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കേണ്ടതാണ്.

നിരാകരിച്ച തുക-79372/-രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ 13/19-20-17.02.22

1-23 മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കാതെ റോഡ് സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ച പ്രവൃത്തിയിൽ അളവുകൾ അധികമായി രേഖപ്പെടുത്തി മൂല്യം നിർണ്ണയിച്ചു.

| | |
|---|---|
| പ്രവൃത്തി | പ്രോ.നം. എസ്. 0171/20 ആറ്റിനു കിഴക്ക് വലിയ വീട് റോഡ് സംരക്ഷണം |
| അടങ്കൽ | 500000/-രൂപ (മെ.ഗ്രാ.റോഡ്) |
| ചെലവ് | 448844/-രൂപ (ട്രഷറി ബിൽ നം.7/10.05.19) |
| പി.എ.സി. | 475348.74/-രൂപ |
| എം. ബുക്ക് നമ്പർ | 45/18-19 |
| കരാർ ഉടമ്പടി നമ്പർ | AE/62/LSGD/KPZA/2018-19 Dtd.25.01.19 |

സൈഡ് വാൾ നിർമാണം, പോയിന്റിംഗ് ഫോർ ഓൾഡ് പാച്ച്വിംഗ്, റീ കൺസ്ട്രക്ഷൻ, കൾവർട്ട് നിർമാണം എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയ ആറ്റിനു കിഴക്ക് വലിയ വീട് റോഡ്

സംരക്ഷണം എന്ന പ്രോജക്ടിനായി റോഡ് സംരക്ഷണ ഗ്രാന്റ് വകയിരുത്തുകയും വിനിയോഗിക്കുകയും ചെയ്തുവെങ്കിലും പ്രസ്തുത പ്രവൃത്തിയുടെ ഇനം നമ്പർ 1) Side Wall, 2) Pointing For Old Packing, 3) Reconstruction എന്നീ ഇനങ്ങൾ നിർവഹിക്കപ്പെട്ടിരിക്കുന്ന സ്ഥലത്ത് നിലവിൽ റോഡ് ഇല്ല. സ്വകാര്യഭൂമിയുടെ വശത്ത് കൂടി ഒഴുകുന്ന തോടിന്റെ സംരക്ഷണാർത്ഥമാണ് മേൽസൂചന പ്രവൃത്തികൾ നിർവഹിച്ചിരിക്കുന്നത്. ഏതെങ്കിലും റോഡിന്റെ തുടർച്ച എന്ന നിലയിലല്ല സംരക്ഷണപ്രവൃത്തികൾ നിർവഹിക്കപ്പെട്ടിരിക്കുന്നത്. തോട് സംരക്ഷണം പോലുള്ള പ്രവൃത്തികൾ തൊഴിൽ ഉറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കേണ്ടതിന് പകരം മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചതും ചട്ടവിരുദ്ധമാണ്.

പ്രസ്തുത പ്രോജക്ടിലെ വിവിധ ഇനം പ്രവൃത്തികളിലെ അളവുകൾ അധികമായി രേഖപ്പെടുത്തി മൂല്യം നിർണ്ണയിച്ചിരിക്കുന്നതായി 18.02.2022 തീയതിയിൽ അസി.എഞ്ചിനീയർ, ഓവർസീയർ എന്നിവരോടൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമാവുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി വിവരണം | അളവുപുസ്തക പ്രകാരമുള്ള അളവ് | സ്ഥല പരിശോധനയിൽ ബോദ്ധ്യമായ അളവ് | നൽകിയ നിരക്ക് | നൽകിയതുക (രൂപ) | നൽകാവുന്ന തുക (രൂപ) | അധികം നൽകിയ തുക (രൂപ) |
|---|---|---|---|---|---|---|---|
| 1 | 13.33.1: Pointing On Stone Work With Cement Mortar(for Old Packing) | 1x4x30x1=120 $M^2$<br>1x2x15x1=30 $M^2$<br>ആകെ= 150 $M^2$<br>(M Book Page No.4 Item No2.1) | 1x30x1=30 $M^2$<br>1x23x1=23 $M^2$<br>ആകെ= 53 $M^2$ | 168.72 | 38333.18 (227.2 ച.മീറ്ററിന്)* | 21967.34 | 16365.84 |
| *അളവ് പുസ്തകം പേജ് 11-ൽ രേഖപ്പെടുത്തിയിരിക്കുന്ന Pointing On Stone Work With Cement Mortar (For Reconstruction ) എന്ന പ്രവൃത്തി പ്രകാരമുള്ള 77.2 $M^2$ ഉൾപ്പെടെ 130.2 $M^2$ | | | | | | | |
| 2 | 4.1.6: Providing And Laying In Position Cement Concrete Of Specified Grade Excluding The Cost Of Centering And Shuttering-All Work Up To Plinth Level:1:3:6 | 1x2x2.8x(0.6+0.5/2) X1.5= 4.62 $M^3$<br>(M Book Page No.7 Item No.4.4) | 2x2.8x0.35x1.5= 2.94 $M^3$ | 6700.00 | 30954 | 19698 | 11256 |
| 3 | 5.1.2:providing And Laying In Position | 1x1x2.8x2.6x0.2= 1.45 $M^3$ | 1x2.80x2.60x0.15= 1.092 $M^3$ | 8851.00 | 12833.95 | 9665.29 | 3168.66 |

| | | | | | | | |
|---|---|---|---|---|---|---|---|
| | Specified Grade Re Inforced Cement Concrete Excluding The Cost Of Centering And Shuttering-All Work Up To Plinth Level:1:1.5:3 | (M Book Page No.10 Item No.4.7) | | | | | |
| അധികമായി നൽകിയ തുക | | | | | | | 30790.5/- |

മേൽസൂചന ഇനങ്ങളിലെ നിർവ്വഹിക്കാത്ത അളവുകൾ കൂടി രേഖപ്പെടുത്തി മൂല്യം നിർണ്ണയിച്ച് തുക നൽകിയതിന്മേലും റോഡ് സംരക്ഷണഗ്രാന്റ് മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കാതെ വിനിയോഗിച്ചതിന്മേലും വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പരാമർശം ടി കാലയളവിൽ സേവനം അനുഷ്ഠിച്ചിരുന്ന അസി.എഞ്ചിനീയറെ രേഖാമൂലം അറിയിച്ച് ആയതിന്റെ മറുപടി ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

വിവിധ ഇനം പ്രവൃത്തികളിലായി നിർവ്വഹിക്കാത്ത അളവുകൾ കൂടി രേഖപ്പെടുത്തി മൂല്യം നിർണ്ണയിച്ചതുമൂലം അധികമായി നൽകിയ 30791/-രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു. പ്രസ്തുത തുക തിരികെ ഒടുക്കിയും മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കാതെ റോഡ് സംരക്ഷണഗ്രാന്റ് വിനിയോഗിച്ചതിന്മേൽ സാധുതയുള്ള വിശദീകരണം നൽകിയും ഖണ്ഡിക തീർപ്പാക്കേണ്ടതാണ്.

നിരാകരിച്ച തുക- 30791/-രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ- 17/19-20, 19.02.22

1-24 ഒഴിവാക്കിയ ഫോംവർക്കിന്റെ മൂല്യം കുറവ് ചെയ്യൽ - അടിസ്ഥാന നിരക്ക് മാത്രം പരിഗണിച്ചു.

റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ ഫോംവർക്ക് ഉൾപ്പെടെയുള്ള നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തിമൂല്യം നിർണ്ണയിക്കുകയും ചെയ്ത ശേഷം ഫോം വർക്ക് ഒഴിവാക്കിയ അളവുകൾ പ്രത്യേകമായി കണക്കാക്കി മൂല്യം കുറവ് ചെയ്തപ്പോൾ അടിസ്ഥാന നിരക്ക് മാത്രം പരിഗണിച്ചതുമൂലം 2266/-രൂപ നഷ്ടമായി.

റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ ഫോം വർക്ക് ഒഴിവാക്കിയ അളവുകൾ പ്രത്യേകമായി കണക്കാക്കി ഇരുവശത്തെയും ഫോം വർക്ക് ഒഴിവാക്കിയതിന് ഘനമീറ്ററിന് 138.32/-രൂപ നിരക്കിലും ഒരു വശത്തെ ഫോം വർക്ക് ഒഴിവാക്കിയതിന് ഘനമീറ്ററിന് 69.16/-രൂപ നിരക്കിലുമാണ് കുറവ് ചെയ്തിട്ടുള്ളത്. ഇപ്രകാരം തുക കുറവ് ചെയ്യുന്നതിന് ഫോംവർക്ക് ഉൾപ്പെടെയുള്ള റോഡ് കോൺക്രീറ്റ് പ്രവൃത്തിയുടെ അടിസ്ഥാനനിരക്ക് മാത്രമാണ് പരിഗണിച്ചിട്ടുള്ളത്. എന്നാൽ അടിസ്ഥാന നിരക്കിനൊപ്പം ഓവർഹെഡ് ചാർജ്, കോൺട്രാക്ടേഴ്സ് പ്രോഫിറ്റ്, കോസ്റ്റ് ഇൻഡക്സ് എന്നിവ കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. ആയവകൂടി പരിഗണിയ്ക്കുമ്പോൾ ഇരുവശത്തെയും ഫോം വർക്ക് ഒഴിവാക്കിയതിന് ഘനമീറ്ററിന് 237.40/-രൂപ നിരക്കിലും ഒരു വശത്തെ ഫോം വർക്ക് ഒഴിവാക്കിയതിന് ഘനമീറ്ററിന് 118.70/-രൂപ നിരക്കിലും തുക കുറവ്

ചെയ്യണമായിരുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 75 ഘനമീറ്റർ ഫോം വർക്കിന്റെ അടിസ്ഥാന നിരക്ക് | 10373.89/- |
| 1 ഘനമീറ്റർ ഫോം വർക്കിന്റെ അടിസ്ഥാന നിരക്ക് | 138.32/- |
| ഓവർഹെഡ് ചാർജ് 10% | 13.83/- |
| കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് 10% | 15.21/- |
| കോസ്റ്റ് ഇൻഡക്സ് 41.85% | 70.4/- |
| ഇരുവശത്തെയും ഫോം വർക്ക് ഒഴിവാക്കിയതിന് ഒരു ഘനമീറ്ററിന് കുറവ് ചെയ്യേണ്ട തുക | 237.40/-രൂപ |

ഫോംവർക്ക് ഒഴിവാക്കിയതിന് തുക കുറവ് ചെയ്തതിൽ പിഴവുകൾ സംഭവിച്ച പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി വിവരങ്ങൾ | കുറവ് ചെയ്ത ഫോം വർക്ക് അളവ് | കുറവ് ചെയ്ത തുക(രൂപ) | കുറവ് ചെയ്യേണ്ട തുക(രൂപ) | ഈടാക്കലിൽ കുറവ് |
|---|---|---|---|---|
| പ്രോ.നം.100/20<br>അയ്യംപിള്ള വളവിൽ നടപ്പാത നിർമ്മാണം<br>എം.ബുക്ക് നം.65/18-19<br>ഫണ്ടിനം-ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>ചെലവ് : 298050/-രൂപ<br>ബിൽ നം.: 38/20.01.19 | 23.926<br>(ഒരു വശം)<br>7.866<br>(ഇരു വശം) | 2743/- | 4706/- | 1963/- |
| പ്രോ.നം.51/20<br>ആനവട്ടച്ചിറ സന്തോഷ് പടിക്കൽ റോഡ് കോൺക്രീറ്റ്<br>എം.ബുക്ക്നം.63/18-19<br>ഫണ്ടിനം-ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>ചെലവ് : 295948/-രൂപ<br>ബിൽ നം.: 37/20.01.19 | 3.059<br>(ഇരു വശം) | 423/- | 726/- | 303/- |
| | | | ആകെ | 2266/- |

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് 17.02.22ലെ രസീത് നം.121010105521 പ്രകാരം 1963/-രൂപയും 121010105522 പ്രകാരം 303/-രൂപയും പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കവരുത്തിയിട്ടുണ്ട്. പ്രസ്തുത തുക സഞ്ചിതനിധിയിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 03/19-20-15.02.22

1-25 കുഴിച്ചെടുത്ത മണ്ണ് ഉപയോഗപ്പെടുത്തിയില്ല - ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് തുക ഒടുക്കി.

പ്രോജക്ട് നം- 273/20

വടക്കേചെറുകര നസീമാപ്പടിയ്ക്കൽ ആലുംപൊയ്ക റോഡ് സംരക്ഷണവും കോൺക്രീറ്റും

അടങ്കൽ : 5,00,000/-

ഫണ്ടിനം : വികസനഫണ്ട്

കരാർ നം.: 28/AE/LSGD/KPZA/16-17തീ.14.02.17

എം.ബുക്ക് നം. :AE88/17-18

ചെലവ് : 234705/-രൂപ

ബിൽ നം.: 30/28.09.19

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വടക്കേചെറുകര നസീമാപ്പടിയ്ക്കൽ ആലുംപൊയ്ക റോഡ് സംരക്ഷണവും കോൺക്രീറ്റും എന്ന പ്രവൃത്തിയുടെ ഇനം 1 പ്രകാരം കുഴിച്ചെടുത്ത 159.82$m^3$ മണ്ണിൽ 60$m^3$ മണ്ണ് ഏതെങ്കിലും പ്രവൃത്തിക്കായി ഉപയോഗപ്പെടുത്തിയതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. മണ്ണ് ലേലം ചെയ്ത് നൽകുകയോ ആയതിന്റെ വില ബില്ലിൽ കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് 15.02.22-ലെ രസീത് നം.121010105470 പ്രകാരം 10800/-രൂപ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കുവരുത്തിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നമ്പർ 04/19-20, 15.02.22

1-26 യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല, 8,417/-രൂപയുടെ നഷ്ടം

മരാമത്ത് പ്രവൃത്തികൾക്കായി സെലക്ഷൻ നോട്ടീസ് ലഭിയ്ക്കുന്ന കരാറുകാർക്ക് പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതിക്കുശേഷം കരാർ വയ്ക്കുന്നതിന് കരാർ തുകയുടെ 1% പിഴ ഈടാക്കികൊണ്ട് 10 ദിവസം കൂടി സമയം അനുവദിക്കാവുന്നതാണെന്നും ആയതിനു ശേഷവും കരാർവച്ചിട്ടില്ലെങ്കിൽ നിരതദ്രവ്യം കണ്ടുകെട്ടി തുടർനടപടി സ്വീകരിക്കേണ്ടതാണെന്നും 01.02.2012-ലെ G.O.(P)No.13/2012/PWD പ്രകാരമുള്ള കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009.6 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതിക്കുശേഷം കരാർ വച്ചിട്ടുള്ള ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

| ക്ര. നം | പ്രവൃത്തി വിവരം | കരാർ തുക (രൂപ) | ഈടാക്കേണ്ടിയിരുന്ന പിഴ (രൂപ) |
|---|---|---|---|
| 1 | പ്രോ.നം.308/20<br>ചന്ദനക്കാവ് ബ്യൂമ പടിക്കൽ റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ- ശ്രീ. നിഖിൽ കാവേരി, ആലഞ്ചേരി<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി 20.11.19<br>കരാർവച്ച തീയതി - 05-12-2019 | 3,42,521/- | 3,425/- |
| 2 | പ്രോ.നം.174/20 പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടത്തിന് കവാടവും അനുബന്ധനിർമാണപ്രവർത്തനങ്ങളും<br>കരാറുകാരൻ - ശ്രീ. കെ.പ്രസാദ്, പ്രസാദ് ഭവൻ, | 8,41,650/- | 8,417/- |

| | | | |
|---|---|---|---|
| | പന്തളം<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി – 24-03-18<br>കരാർവച്ച തീയതി - 31-03-18 | | |
| | | ആകെ | 11,842/- |

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് ക്രമ നം.1 പ്രകാരമുള്ള ഫൈൻ തുകയായ 3,245/-രൂപ 17.02.22ലെ രസീത് നം.121010105523 പ്രകാരം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കുവരുത്തിയിട്ടുണ്ട്. പ്രസ്തുത തുക സഞ്ചിതനിധിയിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്രമ നം.2 പ്രകാരമുള്ള പരാമർശം ടി കാലയളവിൽ സേവനം അനുഷ്ടിച്ചിരുന്ന അസി.എഞ്ചിനീയറെ രേഖാമൂലം അറിയിച്ച് ആയതിന്റെ മറുപടി ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

ഫൈൻ ഇനത്തിൽ നഷ്ടമായ 8,417/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കുവരുത്തി ഖണ്ഡിക തീർപ്പാക്കേണ്ടതാണ്.

നിരാകരിച്ച തുക- 8,417/-രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ- 05/19-20, 15.02.22

1-27 കാലിബാരൽ വില ഈടാക്കിയിട്ടില്ല.

റോഡ് റീടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ, ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് കരാറുകാരന് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ(കി.ഗ്രാം.) | | | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില (ജി.എസ്.ടി ഉൾപ്പെടെ) രൂ281/-നിരക്കിൽ |
|---|---|---|---|---|---|
| | VG 30 | RS1 | SS1 | | |
| പ്രോജക്ട് നം.: 177/20<br>പ്രവൃത്തിയുടെപേര്:ചന്ദനക്കാവ് വടക്കേചെറുകര റോഡ് റോഡ് റീടാറിംഗ്<br>അടങ്കൽ: 13,00,000/-<br>ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>കരാർനം.:AGMT/60/AE/LSGD/KPZA/17-18 DTD.31.03.18<br>എം.ബുക്ക്നം.:85/18-19 & 86/18-19<br>ചെലവ് : 1227651/-രൂപ<br>ബിൽ നം.: 17/13.05.19 | 10221.84 | 924.75 | | 71 | 19951/- |

| | | | | | |
|---|---|---|---|---|---|
| പ്രോജക്റ്റ് നം.:172/20<br>പ്രവൃത്തിയുടെ പേര്: വലിയമല മാത്തിക്കോണം റോഡ് റീടാറിംഗ്<br>അടങ്കൽ: 5,00,000/-<br>ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>കരാർനം.: AGMT/63/AE/LSGD /KPZA/ 18-19 DTD. 25.01.19<br>എം.ബുക്ക്നം.: 37/18-19<br>ചെലവ്: 4,84,939/-രൂപ<br>ബിൽ നം.: 05/10.05.19 | 3933.08 | 388.8 | | 28 | 7868/- |
| പ്രോജക്റ്റ് നം.: 173/19-20<br>പ്രവൃത്തിയുടെ പേര്: അമ്പതേക്കർ താന്നിമൂട് റോഡ് റീ ടാറിംഗ്.<br>അടങ്കൽ: 5,00,000/-<br>ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>കരാർ നം. :AGMT/79/AE/LSGD /KPZA/ 18-19 DTD. 08.03.19<br>എം.ബുക്ക്നം.: 49/18-19<br>ചെലവ് : 484944/-രൂപ<br>ബിൽ നം. : 10/10.05.19 | 3598.86 | 345.6 | | 25 | 7025/- |
| പ്രോജക്റ്റ് നം.: 178/19-20<br>പ്രവൃത്തിയുടെ പേര്: ചന്ദനക്കാവ് നേർച്ചപ്പള്ളി മാത്തിലയ്യം റോഡ് മെറ്റലിംഗ് & ടാറിംഗ്<br>അടങ്കൽ: 500000/-<br>ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>കരാർനം.: AGMT/79/AE/LSGD /KPZA/ 17-18 DTD. 31.03.18<br>എം.ബുക്ക്നം.: 92/17-18<br>ചെലവ്: 319245/- രൂപ<br>ബിൽ നം.: 3/10.05.19 | 1247.01 | 162.53 | 502.35 | 12 | 3372/- |

| | | | | | |
|---|---|---|---|---|---|
| പ്രോജക്ട് നം.: 179/19-20<br>പ്രവൃത്തിയുടെ പേര്:ചന്ദനക്കാവ് തെങ്ങുംപണ റോഡ് മെറ്റലിംഗ് & ടാറിംഗ്<br>അടങ്കൽ: 3,80,000/-<br>കരാർനം.: AGMT/63/AE/LSGD /KPZA/ 17-18 DTD. 31.03.18<br>ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>എം.ബുക്ക്നം.:48/18-19<br>ചെലവ് : 354833/-രൂപ<br>ബിൽ നം.: 11/10.05.19 | 1386.27 | 180.68 | 558.45 | 13 | 3653/- |
| ആകെ | | | | | 41869/- |

മേൽസൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പരാമർശം ടി കാലയളവിൽ സേവനം അനുഷ്ഠിച്ചിരുന്ന അസി.എഞ്ചിനീയറെ രേഖാമൂലം അറിയിച്ച് ആയതിന്റെ മറുപടി ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

കാലിബാരൽ വില കരാറുകാരനിൽ നിന്നും ഈടാക്കാതിരുന്നതുമൂലം അധികമായി ചെലവഴിക്കപ്പെട്ട 41869/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഒടുക്കി ഖണ്ഡിക തീർപ്പാക്കേണ്ടതാണ്.

നിരാകരിച്ച തുക- 41869/-രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ 06/19-20, 15.02.22

1-28 ഭവന നിർമ്മാണം പൂർത്തിയാകാത്തവരിൽ നിന്ന് തുക തിരികെ ഈടാക്കണം

പ്രോജക്ട് നമ്പർ- 259 ലൈഫ് മിഷൻ ഒന്നാം ഘട്ടം തുടർച്ച

വകയിരുത്തൽ- 656666/-(വികസന ഫണ്ട് -ജനറൽ)

ചെലവ് – 155000/-

നിർവഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ (കുളത്തുപ്പുഴ സർക്കിൾ)

വിവിധ മുൻകാല ഭവന നിർമ്മാണ പദ്ധതികളിൽ ആനുകൂല്യം ലഭിച്ചതും ഭവന നിർമ്മാണം പൂർത്തിയാക്കാത്തവരുമായ ഗുണഭോക്താക്കൾക്ക് അവശേഷിക്കുന്ന പ്രവർത്തിക്ക് അനുപാതിക തുക വകയിരുത്തി ഭവന നിർമ്മാണം പൂർത്തിയാക്കുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. മേൽ പ്രവർത്തിയിൽ ഉൾപ്പെട്ട ശ്രീമതി. രമ, വിനീത് ഭവനം, ഏഴംകുളം എന്ന ഗുണഭോക്താവിന് ഭവനനിർമ്മാണത്തിന്റെ അവശേഷിക്കുന്ന ഭാഗം പൂർത്തിയാക്കുന്നതിന് 3,30,000/-രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ശ്രീമതി. രമ 2018-19 സാമ്പത്തികവർഷം 1,10,000/-രൂപ കൈപ്പറ്റിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ നമ്പർ 7/22-07-2019 പ്രകാരം 75,000/-രൂപയും ബിൽ നമ്പർ 16/29-11-2019 പ്രകാരം 80,000/-രൂപയും ഉൾപ്പെടെ ആകെ 2,65,000/-രൂപ കൈപ്പറ്റിയിട്ടുണ്ട്. ഗുണഭോക്തൃ രജിസ്റ്റർ പ്രകാരം ടിയാരി ഭിത്തിമട്ടം വരെ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/16-02-2022) വി.ഇ.ഒ ലഭ്യമാക്കിയ മറുപടിയിൽ ശ്രീമതി. രമ ഭിത്തിമട്ടം വരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതാണെന്നും എന്നാൽ തുടർ നിർമ്മാണം നടത്താത്തതിനാൽ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കാമെന്നും അറിയിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഉൾപ്പെടുത്തേണ്ടാത്ത ഇനങ്ങൾ കൂടിചേർത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം അധികച്ചെലവ്.

